2017 ഡിസംബർ 25
വാല്യം 10
ലക്കം 24

ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL

RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# ഐ.പി സി ഈസ്റ്റേൺ റീജിയൺ റവ.ജോസഫ് വില്യംസ് പ്രസിഡണ്ട്







**ന്യൂയോർക്ക്:** ഐ പി സി ഈസ്റ്റേൺ റീജിയന് പുതിയ ഭാരവാഹികൾ. പാസ്റ്റർ ജോസഫ് വില്യംസ് (പ്രസിഡണ്ട്), പാസ്റ്റർ മാത്യു ഫിലിപ്പ് (വൈ. പ്രസിഡന്റ്) ഡോ.ബാബു തോമസ് (സെക്രട്ടറി) ബ്രദർ ജോൺസൻ ജോർജ് (ജോ. സെക്രട്ടറി) ബ്രദർ ബേവൻ തോമസ് (ട്രഷറർ) എന്നിവരാണ് ഔദ്യോഗിക ചുമതലക്കാർ. ഇവരെ കൂടാതെ 20 പാസ്റ്റേഴ്സും 19 വിശ്വാസികളും ഉള്ള കൗൺസിലും തെരഞ്ഞെടുക്കപ്പെട്ടു.

കഴിഞ്ഞ 21 വർഷങ്ങളായി റീജിയണിൽ അംഗമായ പാസ്റ്റർ ജോസഫ് വില്യംസ് റീജിയന്റെ പ്രഥമ പി.വൈ. പി. എ പ്രസിഡണ്ടായിരുന്നു.12 വർഷക്കാലം റീജിയൻ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഐ.പി.സി ജനറൽ കൗൺസിൽ അംഗവും ഭരണഘടനാ സമിതിയുടെ ചെയർമാനുമാണ്. പതിനഞ്ചാമത് ഐ.പി.സി കോൺഫറൻസ് (2017) കൺവീനറായിരുന്നു. ഐ.പി.സി റോക്‌ലാന്റ് അസംബ്ലിയുടെ സീനിയർ പാസ്റ്ററാണ് എം കോം, എം ബി എ ബിരുദധാരി കൂടിയായ പാസ്റ്റർ ജോസഫ് വില്യംസ് .

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ഡോ. ബാ

06

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്
## ജനറൽ കൺവൻഷൻ 2018 ജനുവരി 22 – 28 വരെ

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് 95-ാമത് ജനറൽ കൺവൻഷൻ 2018 ജനുവരി 22 മുതൽ 28 വരെ തിരുവല്ല രാമൻചിറയിലുള്ള സഭാ സ്റ്റേഡിയത്തിൽ വച്ച് നടക്കും. കൺവൻഷൻ തീം റോമർ 12: 11-ന്റെ അടിസ്ഥാനത്തിൽ "ആത്മാവിൽ എരിവുള്ളവരായി കർത്താവിനെ സേവിപ്പിൻ" എന്നതാണ്. കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായുള്ള മൂന്നാമത് ആലോചനാ യോഗം ദൈവസഭാ കേരളാ സ്റ്റേറ്റ് ഓവർസിയറുടെ അദ്ധ്യക്ഷതയിൽ മുളക്കുഴ സീയോൻ കുന്നിൽ നടന്നു. യോഗത്തിൽ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങൾ, ബിലിവേഴ്സ് ബോർഡ് അംഗങ്ങൾ, മുൻ കൺവൻഷൻ കൺവീനേഴ്സ്, കമ്മറ്റി അംഗങ്ങൾ, സമീപ ഡിസ്ട്രിക്കുകളിലെ ശുശ്രൂഷകന്മാർ, വിശ്വാസികൾ, വിവിധ ഡിപ്പാർട്ട്മെന്റ് ചുമതലക്കാർ, പുതിയതായി കൺവൻഷൻ കമ്മറ്റിയിൽ ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ളവരെല്ലാം പങ്കെടുത്തു. 2017 സെപ്റ്റംബർ 27 മുതൽ 2018 ജനുവരി 15 വരെ തുടർച്ചയായി ഒരോ ദിവസവും കൺവൻഷന്റെ അനുഗ്രഹത്തിനായി ഉപവസിച്ച് പ്രാർത്ഥിക്കുന്നതിനായി നടത്തിയ ക്രമീകരണം വളരെ ശക്തമായി മുന്നേറുന്നു.


പാസ്റ്റർ സി.സി. തോമസ്


പാസ്റ്റർ വൈ. റെജി


പാസ്റ്റർ ജെ. ജോസഫ്

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി ഓവർസിയർ പാസ്റ്റർ സി.സി. തോമസ്, ജനറൽ കൺവീനറായി പാസ്റ്റർമാരായ ജെ. ജോസഫും വൈ. റെജിയും ജോയിന്റ് കൺവീനർമാരായി താഴെ പേര് പറയപ്പെടുന്നവർ കൺവീനർമാരായി പ്രവർത്തിക്കുന്ന വിപുലമായ കമ്മറ്റി നിലവിൽ വന്നു. പാസ്റ്റർ വിനോദ് ജേക്കബ് (ഫി

06

# നിയമിതരായി


പാസ്റ്റർ വിനോദ് ജേക്കബ്


പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം


പാസ്റ്റർ പി. സി. ചെറിയാൻ


സിസ്റ്റർ ഗ്രേസി ബേബി

**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് യുപിജി ഡയറക്ടറായി പാസ്റ്റർ വിനോദ് ജേക്കബ്ബ് (പട്ടം) നിയമിതനായി. സുവിശേഷം എത്തിയിട്ടില്ലാത്ത സമൂഹങ്ങളിലെ സുവിശേഷികരണ പ്രവർത്തനങ്ങൾക്കായി ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ രൂപികരിച്ച പദ്ധതിയാണ് യുപിജി (അൺ റീച്ച്ഡ് പീപ്പിൾ ഗ്രൂപ്പ്). കോട്ടയം കഞ്ഞിക്കുഴി സ്വദേശിയായ ഇദ്ദേഹം മൗണ്ട് സയോൺ ബൈബിൾ സെമിനാരി അദ്ധ്യാപകനും പട്ടം സഭാ ശുശ്രൂഷകനും, തിരുവനന്തപുരം നോർത്ത് ഡിസ്ട്രിക്ട് പാസ്റ്ററുമാണ്. ബാംഗ്ലൂർ ആർ. റ്റി നഗർ, ഓതറ, ഷാർജ, കുവൈറ്റ്, ചെന്നൈ എന്നിവിടങ്ങളിൽ സഭാ ശുശ്രൂഷകനായിരിന്നിട്ടുണ്ട്. ചർച്ച് ഓഫ് ഗോഡ് യു.എ.ഇ റീജിയൻ ഓവർസിയറായി പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം മികച്ച പ്രഭാഷകനും, വേദാദ്ധ്യാപകനും, പരിഭാഷകനുമാണ്. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ ജോ. ട്രഷറാർ, ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി രജിസ്ട്രാർ എന്നീ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ഭാര്യ: റീത്താ വിനോദ്. മക്കൾ ഗ്രീറ്റ്, ഗ്രഹാം.

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ അഖിലേന്ത്യ ഗവേണിംഗ് ബോഡി അംഗങ്ങളായി കേരളാ സ്റ്റേറ്റിൽ നിന്നും പാസ്റ്റർമാരായ പി. സി ചെറിയാനും, തോമ

06

# സാജൻ പാസ്റ്റർ യാത്രയായി
## കുടുംബത്തെ സഹായിക്കുക



**മുട്ടാർ:** ദരിദ്രന്മാരോടും യാചകന്മാരോടും സുവിശേഷം അറിയിക്കുന്നതിൽ വ്യാപൃതനായിരുന്ന നീരേറ്റുപുറം വടക്കേപറമ്പിൽ വീട്ടിൽ പാസ്റ്റർ സാജൻ ജോർജ്ജ് (46) താൻ പ്രീയം വെച്ച കർത്താവിന്റെ സന്നിധിയിലേക്ക് യാത്രയായി. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിൽ കഴിഞ്ഞു വന്നിരുന്ന പാസ്റ്റർ സാജൻ സ്വതന്ത്രമായി കിടങ്ങറ കേന്ദ്രീകരിച്ച് സുവിശേഷ പ്രവർത്തനം ചെയ്തു വരുകയായിരുന്നു. സ്വന്തമായ പാർപ്പിടം ഇല്ലാത്തതിനാൽ അതിന്റെ നിർമിതിക്ക് ആവശ്യമായ പണം സമാഹരിക്കേണ്ടതിനാണ് മൂന്നു മാസത്തെ സന്ദർശന വിസായിൽ ദുബായിൽ എത്തിച്ചേർന്നത്. അവിടെ വെച്ച് ഹൃദയാഘാതം ഉണ്ടാകുകയും തുടർന്ന് അത്യാസന്ന നിലയിൽ ഷാർജാ കുവൈറ്റി ഹോസ്പിറ്റലിൽ പ്രവേശിപ്പിച്ചു എങ്കിലും ആ ജീവൻ രക്ഷിക്കാനായില്ല ആ ജീവൻ പറന്നകന്നു.

ഭാര്യ: വിശാലകുമാരി, മക്കൾ: കെസിയ മറിയം സാജൻ, നിസ്സി സാറ സാജൻ.

സാജൻ പാസ്റ്റർ യാത്രയായത് സുമനസ്സുകളായ അനേകരെ ഒരു ദൗത്യം എല്പിച്ചിട്ടാണ്. രണ്ട് പെൺ കുഞ്ഞുങ്ങൾക്കും ഭാര്യക്കും സ്വന്തമായ ഒരു ഭവനം ഈ ഭൂവിൽ വേണമെന്ന ആഗ്രഹം പൂർത്തികരിക്കുവാൻ കഴിഞ്ഞി

02




# ക്രിസ്തുമസ് പരിപാടിയിൽ പങ്കെടുത്തതിന് മഹാരാഷ്ട്ര മുഖ്യമന്ത്രിയുടെ ഭാര്യക്കെതിരെ സോഷ്യൽ മീഡിയയിൽ ആക്രമണം

ഇന്ത്യയിൽ വർഗ്ഗീയ ചേരിതിരിവും വർഗ്ഗീയവാദവും വളരെ അപകടകരമായ രീതിയിൽ വളരുന്നു എന്നതിന് തെളിവായി, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസിന്റെ ഭാര്യ അമൃത ഫഡ്നവിസിനെതിരെ വർഗ്ഗീയവാദികൾ സോഷ്യൽ മീഡിയയിൽ ശക്തമായ ആക്രമണം അഴിച്ചുവിട്ടു. Big FM സംഘടിപ്പിച്ച ഒരു ജീവകാരുണ്യ പരിപാടിയിൽ പങ്കെടുത്തതിനാണ്, വളരെ യുക്തിരഹിതമായ വിമർശനം അമൃത ഫഡ്നവിസിനെതിരെ ഉന്നയിച്ചത്. ഇത് ക്രിസ്മസിന്റെ സമയമായതുകൊണ്ട് Big FM ഈ പരിപാടിക്ക് "Be Santa" എന്നാണ് പേരിട്ടത്. ക്രൈസ്തവ സംസ്കാരത്തേയും അടയാളങ്ങളെയും



സ്വരാജ്യ ലേഖികയുടെ ട്വീറ്റ്

വെറുക്കുന്ന ഒരു സമൂഹത്തിന് ഇത് അംഗീകരിക്കാനായില്ല. ടിറ്ററിലൂടെ അനാവശ്യ ആരോപണങ്ങൾ ഉന്നയിച്ച് അമൃതയെ താറടിക്കാൻ ഇവർ ശ്രമിച്ചു. മുഖ്യമന്ത്രിയുടെ ഭാര്യ സുവിശേഷീകരണം നടത്തുകയാണെന്നും ഹിന്ദുക്കളെ ക്രൈസ്തവരാക്കാൻ ശ്രമിക്കുകയാണെന്നും ക്രൈസ്തവ മിഷണറിമാരുടെ പ്രത്യേക അജണ്ട നടപ്പിലാക്കുകയാണെന്നും ടിറ്ററിലൂടെ വർഗ്ഗീയവാദികൾ ആരോപിച്ചു.

ദീപാവലിക്കും ഗണേശചതുർത്ഥിക്കും അമൃത ഫഡ്നവിസ് എന്തുകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചില്ല എന്ന് ചിലർ ചോദിക്കുന്നു.

അവസാനം ട്രോളുകൾ സഹിക്കാൻ വയ്യാതെ അമൃത ഫഡ്നവിസ് പറഞ്ഞു. "ഒരു ഹിന്ദുവായതിൽ ഞാൻ അഭിമാനിക്കുന്നു. ജനങ്ങളുടെ ഐക്യത്തിനുവേണ്ടി ഞാൻ എപ്പോഴും ശ്രമിക്കും". വർഗ്ഗീയ നിറമുള്ള വാർ

07

പ്രകാശ് പി. കോശി

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**

ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398 (USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in


**അറിയിപ്പ്**

ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.

പത്രാധിപർ

## അക്ഷരങ്ങളുടെ അത്ഭുതലോകം - 9

# ആശങ്കകളുടെ മുൾമുനകളിൽ



**ടീയെസ് കപ്പമാംമ്മൂട്ടിൽ**

പുതുവർഷത്തെ സ്വാഗതം ചെയ്യുവാൻ തയ്യാറെടുത്തുകൊണ്ടിരിക്കുന്ന സമസ്തലോകവും ഭയാശങ്കളുടെ മുൾമുനകളിലാണിന്ന്. ഒരു മൂന്നാംലോക മഹായുദ്ധത്തിന്റെ കരിനിഴലുകൾക്കുള്ളിൽ ലോകം കരിവാളിച്ചുപോകുമോ എന്ന ആശങ്കയിലാണിന്ന് ലോകത്തിലെ വൻശക്തികൾ.

അങ്ങനെയൊരു മഹായുദ്ധം അരങ്ങേറിയാൽ ആ യുദ്ധത്തിന്റെ ഗതികൾ നിയന്ത്രിക്കുന്നത് ആയുധങ്ങൾ മാത്രമായിരിക്കുകയില്ല. നിർണ്ണായകമായ പങ്കുവഹിക്കുന്നത് റോബോട്ടിക് ആയുധങ്ങളായിരിക്കും. അമേരിക്കയിലും റഷ്യയും ചൈനയും ഇതരശക്തികളും റോബോട്ടിക് ആയുധങ്ങളുടെ മേഖലയിൽ വലിയതോതിൽ മുതൽ മുടക്കുന്നു എന്ന വസ്തുതയെ അരക്കിട്ടുറപ്പിക്കുന്നതാണ് പുറത്തു വന്ന റിപ്പോർട്ടുകൾ. 740കോടി ഡോളറാണ് ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് ഉപയോഗിച്ചുള്ള ആയുധങ്ങൾക്കായി കഴിഞ്ഞവർഷം മാത്രം അമേരിക്ക ചിലവഴിച്ചത്.

യുദ്ധമേഖലയിൽ നില്ക്കുന്ന എന്ന പ്രതീതി ജനിപ്പിക്കുന്ന 'വെർചൽ റിയാലിറ്റി' സൈനികർക്കായുള്ള പരിശീലനത്തിന് പല രാജ്യങ്ങളുമിന്ന് വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. അനതിവിദൂരഭാവിയിൽ സൈനികരുടെ പ്രതിരോധത്തിനായി യുദ്ധക്കളത്തിൽ ഇറങ്ങുന്നത് മനുഷ്യരും ആർട്ടിഫിഷ്യൽ ഇന്റെലിജൻസും കൂടിചേർന്ന ഒരു രൂപമായിരിക്കുമെന്ന വസ്തുതതന്നെ, ഒരു ലോകമഹായുദ്ധമുണ്ടായാൽ ആ യുദ്ധം മനുഷ്യന്റേയും ഈ ഭൂമിയുടേയും നിലനിൽപിനെ എത്ര ദോഷകരമായി ബാധിക്കുമെന്ന് വ്യക്തമാക്കുന്നു.

ഐക്യനാടുകളും ഉത്തരകൊറിയയും തമ്മിൽ പ്രകോപനകരമായ പ്രസ്താവനകളിലൂടെ പോരടിക്കാൻ തുടങ്ങിയിട്ട് മാസങ്ങളായി. പരസ്പരമുള്ള ബന്ധങ്ങൾ അനുദിനം ശിഥിലമായിക്കൊണ്ടിരിക്കുമ്പോൾ, ഒരു ആണവയുദ്ധത്തിൽ ഇരുരാജ്യങ്ങളും കൊമ്പുകോർക്കുന്നത് കാണേണ്ടി വരുമോ എന്ന ഭീതിയിലാണിന്ന് ലോകരാഷ്ട്രങ്ങൾ. ഇതിനിടെ ജപ്പാന്റെ സുരക്ഷിതത്വത്തിന് ഭീഷണിയുയർത്തുന്ന നിലയിൽ അണായുധ പരീക്ഷണങ്ങൾ ഉത്തരകൊറിയ നടത്തിയപ്പോൾ ആ പരീക്ഷണങ്ങളോടുള്ള ജപ്പാന്റെ പ്രതികരണം അവിശ്വസീയതയോടെയാണ് ലോകരാഷ്ട്രങ്ങൾ വീക്ഷിച്ചത്. ഓഗസ്റ്റ് 29-നും സെപ്തംബർ 15-നും ഉത്തരകൊറിയ വിക്ഷേപിച്ച ഇന്റർകോണ്ടിനെന്റൽ ബാലിസ്റ്റിക് മിസൈലുകൾ ജപ്പാനിലെ ഹൊക്കെയ്ഡൊ ദേശത്തിന് മുകളിലൂടെ കുതിച്ചുപാഞ്ഞ് അവസാനം പെസഫിക് മഹാ സമുദ്രത്തിലാണ് പതിച്ചത്. ആ മിസൈലുകളെ തടയുവാനോ നശിപ്പിക്കുവാനോ ജപ്പാന്റെ പ്രതിരോധ വിഭാഗം അണിവരൽപോലും ചലിപ്പിച്ചില്ലെന്ന വാർത്ത ജപ്പാന്റെ പൂർവ്വചരിത്രമറിയാവുന്ന ലോകരാഷ്ട്രങ്ങളെ അത്ഭുതപ്പെടുത്തി. അടുത്തയിടെ ജപ്പാൻ സന്ദർശിച്ച അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്, വടക്കൻ കൊറിയയുടെ മിസൈലുകൾ നിലംപരിചാക്കുന്നതിൽ വിമുഖത പ്രകടിപ്പിച്ച ജപ്പാന്റെ നടപടിയിൽ അസംതൃപ്തനായിരുന്നു.

ഉത്തരകൊറിയയുടെ അണ്വായുധ പരീക്ഷണങ്ങൾക്കുമുമ്പിൽ സംയമനം പാലിച്ച ജപ്പാൻ ലോകത്തെ അത്ഭുതപ്പെടുത്തിയതിനു കാരണം ജപ്പാന്റെ പൂർവ്വ ചരിത്രമാണ്.

ഒരു സഹസ്രാബ്ദകാലത്തെ പഴക്കവും പാരമ്പര്യവുമുള്ള ജപ്പാനെ ഇന്നുവരെ ഒരു രാജ്യവും കീഴടക്കി ഭരിച്ചിട്ടില്ല. ആക്രമിക്കാൻ ആയിരം കപ്പലുകളും വൻ സന്നാഹങ്ങളുമായി വന്ന ചെങ്കിസ്ഖാന്റെ നാവികസേനയെ നിലംതൊടീക്കാതെ പറപ്പിച്ച പാരമ്പര്യമാണ് അവരുടേത്. അടർക്കളത്തിൽ ഗർജ്ജിക്കുന്ന സിംഹങ്ങളായി മാറുന്ന ജപ്പാന്റെ സൈന്യം രണ്ടാംലോകമഹായുദ്ധത്തിൽ നിന്നു പിന്മാറുവാൻ 1945 ഓഗസ്റ്റ് 6-ാം തീയതിയും 9-ാം തീയതിയും യഥാക്രമം ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക ആറ്റംബോംബുകൾ വർഷിക്കേണ്ടിവന്നു. അതുകൊണ്ടു തന്നെ യുദ്ധമെന്നു കേട്ടാൽ മുട്ടിടിക്കുന്നവരല്ല ജപ്പാനിലെ സൈനികർ.

ലോകചരിത്രത്തിൽ, മാനുഷിക പരിഗണനകളൊക്കെ മറന്ന് ജപ്പാനെപ്പോലെ കണ്ണിൽചോരയില്ലാതെ യുദ്ധത്തടവുകാരെ പീഡിപ്പിച്ച മറ്റൊരുരാജ്യം ഭൂമുഖത്തുണ്ടെന്നു തോന്നുന്നില്ല.

കുട്ടികളുൾപ്പെടെ ആയിരക്കണക്കിന് സ്ത്രീപുരുഷന്മാരെ അടഞ്ഞ കവാടങ്ങൾക്കു പിമ്പിൽ ജീവനോടെ കീറിമുറിച്ച് പഠനങ്ങൾ നടത്തുകയും ഗവേഷണങ്ങൾ വിപുലപ്പെടുത്തുകയും ചെയ്തിരുന്ന യൂണിറ്റ് 731-ലെ സൈനിക ഭിഷഗ്വരന്മാരുടെ പരീക്ഷണങ്ങൾക്ക് വിധേയരായവരിൽ ബഹുഭൂരിപക്ഷവും ചൈനീസ് വംശജരായിരുന്നു. ഈ കൊടുംക്രൂരതകൾക്ക് യുദ്ധത്തടവുകാരും ഇരകളായി എന്നത് ചരിത്രം.

ഇങ്ങനെയൊരു പശ്ചാത്തലമുള്ള ജപ്പാൻ ഉത്തരകൊറിയയുടെ ആണവ പരീക്ഷണങ്ങൾക്കുമുമ്പിൽ വായും പൊത്തി ഓച്ഛാനിച്ചു നിന്നു എന്നറിയുമ്പോൾ നാം അന്തംവിട്ടു നില്ക്കുന്നത് സ്വാഭാവികം. എന്നാൽ ആ നിഷ്ക്രിയത്വത്തെ ന്യായീകരിക്കുവാൻ ജപ്പാന് ചില ന്യായീകരണങ്ങളുണ്ട്.

ഒന്നാമത്തെ കാരണം, ഉത്തരകൊറിയ തൊടുത്തുവിട്ട ബാലിസ്റ്റിക് മിസൈലുകൾ ജപ്പാന്റെ അതിർത്തികൾക്കുള്ളിൽ പതിക്കുകയില്ലെന്ന് ആധുനിക സംവിധാനങ്ങളുപയോഗിച്ച് അവർ കണ്ടെത്തി. ആ മിസൈലുകളെ തകർക്കുവാൻ കഴിയാത്ത നിലയിൽ അത്ര ഉയരത്തിലും വേഗതയിലുമാണ് അവ അന്തരീക്ഷത്തിലൂടെ കുതിച്ചു പാഞ്ഞത് എന്നതാണ് രണ്ടാമത്തെ കാരണം. മൂന്നാമത്, അവയെ തകർക്കുവാനുള്ള ശ്രമം പരാജയപ്പെട്ടിരുന്നുവെങ്കിൽ, ആ പരാജയം ഉത്തരകൊറിയയ്ക്ക് ആവേശവും തങ്ങൾക്ക് ഒരു കനത്ത ആഘാതവും ആകുമായിരുന്നുവെന്ന് ജപ്പാൻ കണക്കുക്കൂട്ടി.

ഔദ്യോഗികമായ വിശദീകരണങ്ങൾ ഇതൊക്കെയാണെങ്കിലും ജപ്പാന്റെ നിഷ്ക്രിയത്വത്തിനു പിമ്പിൽ മറ്റുചില കാരണങ്ങളാണെന്നു തോന്നുന്നു. ഹിരോഷിമയിലും നാഗസാക്കിയിലും അമേരിക്ക വർഷിച്ച ആറ്റം ബോംബുകൾ വിതച്ച വിനാശത്തിന്റെ അനന്തര ഫലങ്ങൾ ഇന്നും കൊയ്തുകൂട്ടിക്കൊണ്ടിരിക്കുന്ന രാജ്യമാണിത്. ഒരു രാജ്യത്തെ ആകമാനം വരച്ചവരയിൽ നിർത്തി തന്നിഷ്ടപ്രകാരം ഭരിക്കുന്ന ഭരണത്തലവനെന്ന നിലയിൽ കിം ജോങ്ങ് ഉന്നിനെ ജപ്പാൻ സമൂഹം ഗൗരവത്തോടെ തന്നെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഐക്യനാടുകളും ഉത്തരകൊറിയയും തമ്മിലുള്ള വടംവലിയിൽ പ്രത്യക്ഷമായോ, പരോക്ഷമായോ ഇരുരാജ്യങ്ങളുടേയും പക്ഷം പിടിക്കാതെ നിലയുറപ്പിച്ചാൽ തടി കേടാകാതെ സൂക്ഷിക്കാമെന്ന് അവർ കരുതുന്നുണ്ടാകും. അമേരിക്കയുടെ സഖ്യകക്ഷിയെന്ന നിലയിൽ അവരുടെ പക്ഷം പിടിച്ചാൽ ജപ്പാനെന്ന രാഷ്ട്രത്തെ അണ്വായുധ വിസ്ഫോടനങ്ങളിലൂടെ ഭൂപടത്തിൽ നിന്നും മായിച്ചുകളയുവാൻ കിം ജോങ്ങ് ഉൻ മടിക്കുകയില്ലെന്നും ജപ്പാൻ ഭയക്കുന്നുണ്ടാകണം.

അടുത്തയിടെ, പെസഫിക് സമുദ്രത്തിൽ പരീക്ഷണാർത്ഥം ഉത്തരകൊറിയ നടത്തിയ സ്ഫോടന പരമ്പരകൾക്കുശേഷം ദിനപ്പത്രങ്ങൾ വളരെ പ്രാധാന്യത്തോടെ ഒന്നാം പേജിൽ തന്നെ പ്രസിദ്ധീകരിച്ച ഒരു വാർത്തയുണ്ട്. ബാലിസ്റ്റിക് മിസൈലുകൾ ഉപയോഗിച്ച് വാഷിങ്ങ്ടൺ ഡി.സി.യെ നിലംപരിചാക്കുവാൻ ഉത്തരകൊറിയ പ്രാപ്തി നേടിയെന്ന വസ്തുതയെ സമർത്ഥിക്കുന്നതാണ് അവർ സമീപകാലങ്ങളിൽ നടത്തിയ പരീക്ഷണങ്ങൾ ഇതായിരുന്നു ആ വാർത്തയുടെ സാരം.

സൈനികയാവശ്യങ്ങൾക്കായി ഏകദേശം 618 ബില്യൻ ഡോളർ പ്രതിവർഷം ചിലവഴിക്കുന്ന ഐക്യനാടുകളോട് ഈ രംഗത്ത് കിടപിടിക്കുവാൻ കെല്പുള്ള മറ്റൊരു രാജ്യം ഇന്ന് ഈ ഭൂമിയിലില്ല. 13900 പോർ വിമാനങ്ങളും ആക്രമണശേഷിയുള്ള 900 ഹെലികോപ്റ്ററുകളും, 72 അന്തർവാഹിനികളും, ലോകത്തിലെ ഏതു വൻനഗരത്തേയും ഒരു മണിക്കൂറിനുള്ളിൽ നശിപ്പിക്കുവാൻ ശേഷിയുള്ള മാരകായുധങ്ങൾ സംഭരിച്ചിരിക്കുന്ന ആയുധശാലകളും സ്വന്തമായുള്ള രാഷ്ട്രമാണിത്. 70 രാജ്യങ്ങളിലെ തന്ത്രപ്രധാനമായ സ്ഥാനങ്ങളിൽ ഒരുക്കിയിരിക്കുന്ന 800 സൈനിക താവളങ്ങൾ. 150 രാജ്യങ്ങളിലായി വിവിധ സ്ഥാനങ്ങളിൽ തമ്പടിച്ചിരിക്കുന്ന പതിനായിരക്കണക്കിന് അമേരിക്കൻ സൈനികർ. ഒരു ദശലക്ഷത്തിലേറെ പോരാളികളുള്ള അമേരിക്കൻ സൈന്യം. ഈ വസ്തുതകൾ ഈ രാജ്യത്തിന്റെ സൈനിക ശക്തിയെ അനാവരണം ചെയ്യുന്നതാണ്. അതുകൊണ്ടുതന്നെ അമേരിക്കയുടെ സൈനിക ശക്തി ഒരു വിധത്തിലും കുറച്ചുകളയുവാനില്ല.

ഉത്തരകൊറിയയുടെ നിയന്ത്രണാതീതമായ ആണവ പരീക്ഷണങ്ങളെ ശക്തിയുക്തം ട്രംപ് എതിർക്കുന്നതിന് ന്യായമായ കാരണങ്ങളുണ്ട്. അവയിൽ ഏറ്റവും സുപ്രധാനമായത് അമേരിക്കയുടേയും സഖ്യരാജ്യങ്ങളുടേയും സുരക്ഷയാണ്. ഉത്തരകൊറിയയിൽ നിന്നും വിക്ഷേപിക്കുന്ന ഒരു ബാലിസ്റ്റിക് മിസൈൽ ഇരുപത് മിനിറ്റുകൊണ്ട് ഹവായിയിലെത്തുമെന്നാണ് അമേരിക്കൻ പ്രതിരോധ വിഭാഗത്തിന്റെ നിഗമനം.

ഈ വാക്കുകൾ കുറിക്കുമ്പോൾ ഇരുരാജ്യങ്ങളും തമ്മിൽ നടക്കുന്ന പ്രകോപനപരമായ വാഗ്വാദങ്ങളിൽ നിന്നും പറന്നുയരുകയാണ് അഗ്നിസ്ഫുലിംഗങ്ങൾ. ഈ തീപ്പൊരികൾ ആളിക്കത്തുന്ന അഗ്നിനാളങ്ങളായി പരിണമിക്കുമോ എന്ന സങ്കോചത്തോടെ ഭയാശങ്കകളുടെ മുൾമുനയിൽ നിന്നുകൊണ്ട് ലോകമാസകലം ദൈനംദിനസംഭവങ്ങൾ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കുകയാണ്.

ഇന്ന് നിലനില്ക്കുന്ന സംഘർഷങ്ങൾ ആളിപ്പടർന്നാൽ ലോകം മുഴുവനുമൊരു ആണവയുദ്ധത്തിലേയ്ക്ക് വലിച്ചിഴയ്ക്കപ്പെടുമെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ആ യുദ്ധത്തിന്റെ അന്ത്യത്തിൽ ഈ ഭൂമി മാനവ സംസ്കാരങ്ങളുടെ ശവപ്പറമ്പായി മാറാനാണ് സാദ്ധ്യത. കാലത്തിന്റെ അന്ത്യനിമിഷങ്ങളിലേക്കാണോ നാം ചുവടുവെച്ചും കൊണ്ടിരിക്കുന്നത്?

എല്ലാം മറന്ന് നിറഞ്ഞകണ്ണുകളോടെ മുഴങ്കാലുകളിൽ നിന്നുകൊണ്ട് ഈ ലോകത്തിനുവേണ്ടി പ്രാർത്ഥിക്കുവാനുള്ള സന്ദേശമാണ് ഈ പുതുവർഷം നമുക്കു നൽകുന്നത്.

# 01 സാജൻ പാസ്റ്റർ യാത്രയായി....

ട്ടില്ല. ദുബായിൽ സന്ദർശനാർത്ഥം എത്തിച്ചേർന്നു എങ്കിലും കാര്യമായ സാമ്പത്തിക നേട്ടങ്ങൾ ഒന്നും അദ്ദേഹത്തിന് ലഭിച്ചില്ല. സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള സാമ്പത്തിക ഭദ്രത ഇല്ലാത്ത ദരിദ്രന്മാരോടും യാചകരോടും സുവിശേഷം അറിയിച്ചുവന്ന പാസ്റ്റർ സാജൻ ജോർജ്ജ് ആലപ്പുഴ ജില്ലയിൽ കിടങ്ങറ എന്ന സ്ഥലത്ത് അനേക എതിർപ്പുകളുടെ മദ്ധ്യത്തിൽ സ്വതന്ത്രമായി പ്രവർത്തിച്ചു വരികയായിരുന്നു. അതുകൊണ്ട് തന്നെ കാര്യമായ സാമ്പത്തീക നേട്ടം ഉണ്ടാക്കുവാൻ അദ്ദേഹത്തിന് സാധിക്കാതെ പോയി. അതിനാൽ ഇന്ന് കുടുംബനാഥന്റെ വേർപാടിനാൽ സാമ്പത്തികമായ പ്രയാസങ്ങളിലൂടെ കടന്നുപോകുന്ന ഈ കുടുംബത്തെ കണ്ടില്ലെന്നു നടിക്കാൻ ക്രിസ്തുവിന്റെ ആത്മാവുള്ള നമുക്കാവുമോ പ്രിയമുള്ളവരെ? പറക്കമുറ്റാത്ത രണ്ടുപെണ്മക്കൾ ഉള്ള, സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത ഈ കുടുംബത്തിന് നാം ചെയ്യുന്നത് ഒന്നും തന്നെ ഒരിക്കലും കൂടി പോകില്ല. ഈ സമയത്ത് തന്റെ കുടുംബത്തിനു ലഭിക്കുന്ന കൈത്താങ്ങലുകൾ തന്റെ ശുശ്രൂഷയുടെ ഒരു പ്രതിഫലമായി ആ കുടുംബത്തിനു ലഭിച്ചാൽ സ്വർഗ്ഗം സന്തോഷിക്കും, മാത്രമല്ല സന്തോഷത്തോടെ കൊടുക്കുന്നവരെ ദൈവം അനുഗ്രഹിക്കുകയും ചെയ്യും. സഹായിപ്പാൻ മനസ്സുള്ളവർക്കായി പാസ്റ്റർ സാജൻ ജോർജ്ജിന്റെ സഹധർമ്മിണിയുടെ ബാങ്ക് അക്കൗണ്ട് നമ്പർ താഴെ ചേർക്കുന്നു.

**VISALA KUMARI**
**Account Number 060901000012041, IFSC – IOBA0000609,**
**Indian Oversees Bank , Neerettupuram. Ph: 9961380249**

എനിക്കും പറയാനുണ്ട്

# എതിർപ്പിന്റെ മനഃശാസ്ത്രവും മാറുന്ന പെന്തെക്കോസ്തും



പാസ്റ്റർ സാംകുട്ടി മാത്യു
ചീഫ് എഡിറ്റർ

മാറ്റമില്ലാത്തതായ ഒന്നും ഈ ഭൂമിയിലില്ല എന്നത് എത്രയോ സത്യം ആണ് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാത്ത എല്ലാ പ്രസ്ഥാനങ്ങളും കാലത്തിന്റെ കുത്തൊഴുക്കിൽ തകർന്നടിയുന്ന കാഴ്ചയാണ് നാം കണ്ടുവരുന്നത്. ചിലർ കാലത്തിനു മുമ്പേ നടക്കാൻ പ്രാപ്തി നേടിയപ്പോൾ ചിലർ ഹ്യസ്വദൃഷ്ടിയോടെ അസ്തമിച്ചു. ഞാൻ പറഞ്ഞു വരുന്നത് നമ്മുടെ പെന്തെക്കോസ്തിനെക്കുറിച്ചാണ്. ഇന്ന് കപട പരീശന്മാരുടെ വലിയൊരു ഗണം ഇവിടെയുണ്ട്. മാറ്റം പാടില്ല എന്നു വാദിക്കുകയും എന്നാൽ എല്ലാവിധ സുഖലോലുപതയിലും മുഴുകി ജീവിക്കുകയും ചെയ്യുന്ന ആ കൂട്ടർ പറയുന്നതും എഴുതുന്നതും ഒന്നും ജീവിതം മറ്റൊന്നുമാണ്.

ഇത് ക്രിസ്മസ് സീസണാണല്ലോ. ഏറ്റവും അധികം ആശംസകൾ മുൻകൂറായി നവമാധ്യമങ്ങളിലൂടെ നൽകുന്നതും ഇന്ന് പെന്തെക്കോസ്തുകാരാണ്. എന്നാൽ ഇത് ജാതീയമായ ആഘോഷത്തിനുപേരുമാറ്റിയതാണെന്നും ക്രിസ്തുവിന്റെ ജനനം ഡിസംബർ 25ന് അല്ലെന്നും ദൈവജനം ഇത് ചെയ്യാൻ പാടില്ലെന്നും പഠിപ്പിച്ചവരുടെ തലമുറ സാന്റായുടെ തൊപ്പിയുമിട്ട് ചുവന്നകോട്ടും ധരിച്ച് ആശംസ നേരുന്നു. തലയിൽ തുണിയിടാതെ ആരാധനയ്ക്ക് ഇരിക്കാൻ പാടില്ലെന്ന് പറഞ്ഞ് വേഷവിധാനത്തെക്കുറിച്ച് പ്രസംഗിച്ച് ഞങ്ങളെയൊക്കെ ആവേശഭരിതനാക്കിയ ഒരു പ്രസംഗകന്റെ തലമുറ തലയിൽ മാത്രമല്ല ശരീരത്തിലും വേണ്ടത്ര തുണിയില്ലാതെ വർഷിപ്പ് ലീഡറായി ഉറഞ്ഞു തുള്ളുമ്പോൾ ആരാണ് മണ്ടരായത്. അന്ന് ആവേശം കൊണ്ടവരല്ലാതെ ആര്?

ദുരുപദേശകരെ അകറ്റിനിർത്തണം എന്നും അവരോടൊപ്പം വേദി പങ്കിടില്ലെന്നും ഉപദേശ സംരക്ഷണത്തിനായി പോരാടണം എന്നും വാദിച്ചവരും എഴുതിയവരും എതിർത്തവരോടൊപ്പം തന്നെ ഫ്ളക്സ് ബോർഡിൽ മരത്തിൻമുകളിലും പോസ്റ്റുകളിലും തൂങ്ങിനിൽക്കുമ്പോൾ ആരാണ് മണ്ടരായത്. ഇവരുടെ പ്രസംഗം കേട്ടും രചനകൾ വായിച്ചും കോൾമയിർകൊണ്ടവരല്ലാതെ ആര്? ഇവിടെ നിലനിൽക്കുന്ന ഭവനം ഇല്ലെന്നും ഇവിടെ സമ്പാദിക്കേണ്ട എന്നും സ്വർഗ്ഗത്തിൽ ആണ് സമ്പാദ്യം എന്നും പറഞ്ഞവർ മണിമാളിക കെട്ടിപ്പൊക്കിയും എസ്റ്റേറ്റുകൾ വാങ്ങിക്കൂട്ടിയും ബെൻസിൽ സഞ്ചരിച്ചും തലമുറകളെ ഏഴാം കടലിനക്കരെ കടത്തി അവരുടെ ഭാവി സുരക്ഷിതമാക്കുകയും ചെയ്തപ്പോൾ ആരാണ് മണ്ടരായത്. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ എന്ന ആവേശോജ്ജ്വലമായ ഗാനം കേട്ട് ആവേശഭരിതരായവരെപ്പോലെയാണ് പെന്തെക്കോസ്തിലെ പാവങ്ങളായ സാധാരണ ശുശ്രൂഷകരും വിശ്വാസികളും. പാടിത്തന്നവർ വയലുകൾ സ്വന്തമാക്കി ബൂർഷ്വകളായി മാറിയതറിയാതെ കൊന്നും ചത്തും നേതാവിനുവേണ്ടിയും പ്രസ്ഥാനത്തിനു വേണ്ടിയും ജീവിക്കാൻ വിധിക്കപ്പെട്ടവരുടെ കൂട്ടംപോലെയാണിന്ന് നമ്മുടെ പെന്തെക്കോസ്തും. ഒരു കൂട്ടർ കഠിനമായ ഉപദേശങ്ങളും തത്വസംഹിതകളും സാധാരണക്കാരുടെ മേൽ അടിച്ചേൽപ്പിക്കുകയും അതിൽ നിന്നും ഒഴിവുള്ളവരായി നടക്കുകയും ചെയ്യുന്നു. പെർമനന്റ് റസിഡൻസി വിസയും ഗ്രീൻകാർഡും സിറ്റിസൺഷിപ്പും തങ്ങൾക്കും തലമുറകൾക്കും വേണ്ടി നേടിയതിനുശേഷം അവർ സന്ദർശകരെ വിമർശിക്കുന്നു. ഭാരതത്തിൽ സുവിശേഷവേല ചെയ്യുന്നവരെ വിമർശിക്കുന്നു. ഭാരതത്തിലെ സഭയിലെ ആത്മീയ വീഴ്ചകളെക്കുറിച്ച് കണ്ണീരൊഴുക്കുന്നു. ഇവരുടെ ഉപദേശവും പ്രസംഗവും കേട്ടവർ മണ്ടരായത് മിച്ചം.

തങ്ങൾക്ക് അപ്രാപ്യമായതിനെ കുറ്റപ്പെടുത്തുക എന്നത് മലയാളിയുടെ സ്വതസിദ്ധമായ കഴിവുകളിലൊന്നാണല്ലോ. ഏതും തനിക്കു കിട്ടുന്നതുവരെ വിമർശിക്കുക. തങ്ങൾക്കു കിട്ടിക്കഴിഞ്ഞാൽ അതിനനുസൃതമായി ദൈവശാസ്ത്രശാഖ ഉണ്ടാക്കി ന്യായീകരിക്കുക. വർഷങ്ങൾക്കുമുമ്പ് ഒരു വ്യക്തി സഭാ കൗൺസിലിൽ അമേരിക്കയിൽ സന്ദർശനത്തിനു പോകുന്നവരെ വിമർശിക്കുകയും പരിഹസിക്കുകയും ചെയ്യുന്നത് പതിവായിരുന്നു. അക്കാലത്ത് അദ്ദേഹം തുടർച്ചയായി മദ്രാസ് കോൺസുലേറ്റ് സന്ദർശകനായിരുന്നു. കാലം കുറച്ച് കഴിഞ്ഞു. തനിക്കും കിട്ടി സന്ദർശന വിസ. അതോടെ സന്ദർശകരോടുള്ള പുച്ഛം മാറിക്കിട്ടി. നമ്മുടെ എതിർപ്പുകൾക്കും ഇത്രയേ ആയുസുള്ളൂ. സൈക്കിൾ കിട്ടുന്നതുവരെ മാത്രമേ സൈക്കിൾ ഉപയോഗിക്കുന്നവനോട് എതിർപ്പുള്ളൂ. അതുതന്നെയാണ് മറ്റുകാര്യങ്ങളിലും. പെന്തെക്കോസ്ത് സമൂഹത്തെ വഞ്ചിക്കുകയാണ് കപടത നിറഞ്ഞ ഒരു കൂട്ടം ദുരുപദേഷ്ടക്കന്മാർ. അവരുടെ സൗകര്യത്തിനനുസൃതമായി രൂപപ്പെടുത്തിയെടുക്കുന്ന ദൈവശാസ്ത്ര ഉപദേശങ്ങളിലൂടെ അരുതുകളുടെ വലിയ ചുമട് പാവങ്ങളുടെ മേൽ അടിച്ചേൽപ്പിക്കുന്നു.

ആഭരണ വർജ്ജനത്തെപ്പറ്റിപ്പറയുന്നവരുടെ വാച്ചും പേനയും കണ്ണാടിയും വസ്ത്രവും വാഹനവും വീടും ഭക്ഷണവുമൊക്കെ എത്രയോ വിലയേറിയതാണ്. കൊതുകിനെ അരിച്ചെടുക്കുന്ന പരീശന്മാർ ഒട്ടകത്തെ സൗകര്യപൂർവ്വംവിട്ടുകളയുന്നു. ഇവർ മോതിരം കൈവിരലിൽ നിന്ന് ഊരി ഹൃദയത്തിലേക്ക് മാറ്റി പ്രതിഷ്ഠിച്ചിരിക്കുന്നു എന്നത് മാത്രമാണ് വ്യത്യാസം.

ക്രിസ്തുമസ് ആഘോഷം പാപം എന്നു പറയുന്നവരുടെ (ഇതിന്റെ ആഴങ്ങളിൽ ഇറങ്ങി ശരിതെറ്റുകൾ പറയാൻ ഞാൻ ആളല്ല) പിൻതലമുറയുടെ ജന്മദിനാഘോഷങ്ങൾ കാണേണ്ടതുതന്നെ, വിവാഹം, ശവമടക്ക്, ജന്മദിനം, സ്നാനം, ശിശുപ്രതിഷ്ഠ, ഭവനസമർപ്പണം തുടങ്ങിയവയെല്ലാം ലക്ഷങ്ങൾ പൊടിക്കുന്ന ആഘോഷമായി മാറിയിരിക്കുന്നു. കേരളത്തിൽ വിശുദ്ധിയും അതിവിശുദ്ധിയും പറഞ്ഞ് ജനത്തെ ഇളക്കുന്ന ഒട്ടുമിക്കവരും കോടികളുടെ ഉടമകളാണ്. അവരുടെ തലമുറകൾ സുരക്ഷിത സ്ഥലങ്ങളിലാണ്. പറയുന്നതൊന്നും അവർക്കു ബാധകമേയല്ലതാനും. പാവപ്പെട്ട ഉപദേശിയുടെയോ വിശ്വാസിയുടേയോ മക്കൾ വിവാഹമോചനം നേടിയാൽ അത് പാപമായി കണക്കിടും. എന്നാൽ നേതാക്കന്മാരുടെ മക്കളായാൽ അത് അലങ്കാരം. അതിനനുസൃതമായി വേദപുസ്തക വ്യാഖ്യാനം ഉണ്ടാക്കി അവർ തടിതപ്പും. ഉപദേശപോരാട്ടം നടത്തുന്ന സംരക്ഷകന്റെയോ നേതാവിന്റെയോ മക്കളോ മരുമക്കളോ ബന്ധുക്കളോ അന്യപുരുഷന്റെയോ അന്യസ്ത്രീയുടെയോ കൂടെ ഒളിച്ചോടിയാൽ അതിനും ഉണ്ട് ന്യായീകരണം. നടപടി സാധാരണക്കാരന്, മേൽത്തട്ടിന് അത് ബാധകമല്ല. ഇതെല്ലാം വഞ്ചനയാണ്. സാമൂഹ്യപ്രതിബദ്ധത ഇല്ലാത്ത കാലഘട്ടത്തിനനുസൃതമല്ലാത്ത ദൈവോന്മുഖമായി ജനത്തെ വളർത്തുവാൻ കഴിയാത്ത ഒരുതരം ദൈവശാസ്ത്രമാണ് പെന്തെക്കോസ്തർ പറയുന്നത്. ലിഖിതമായത് എന്തെന്ന് അറിയില്ല. വേണം നമുക്കൊരു മാറ്റം. മനുഷ്യനെ സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന, കരുതുന്ന തരത്തിലേക്ക് ഒരുമാറ്റം. നീതിയുടെയും ന്യായത്തിന്റെയും മാർഗ്ഗത്തിൽ ധനസമ്പാദനം നടത്തട്ടെ. സമൂഹത്തിൽ സ്വാധീനം ഉള്ളവരാകട്ടെ. ചത്തുകഴിഞ്ഞിട്ട് പ്രാർത്ഥിക്കാതെ ജീവനുള്ളപ്പോൾ ചേർത്തുപിടിക്കുന്ന ദൈവസ്നേഹം പ്രദർശിക്കപ്പെടട്ടെ. നമ്മെ സ്നേഹിച്ചവന്റെ സ്നേഹം ഉള്ളിൽ നിറയട്ടെ. പ്രസ്ഥാനങ്ങൾക്കപ്പുറത്ത് നാം ഒന്നാണെന്ന ചിന്ത ഉണ്ടാകട്ടെ. കാലഘട്ടത്തിനനുസൃതമായ മാറ്റം ഉൾക്കൊള്ളുകയും ശരിയായ പ്രമാണത്തിൽ നിൽക്കുകയും ചെയ്യട്ടെ. അടിസ്ഥാനപ്രമാണങ്ങൾ ശരിയാണ്. അതിനല്ല മാറ്റം വരുത്തേണ്ടത്. ഇടയ്ക്കു പണിതവർ ചേർത്തുവച്ച ചില കട്ടകൾ ഇടിച്ചുകളയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഈ ക്രിസ്മസ് കാലം ലോകത്തോട് നമുക്കു പറയാം. എല്ലാവരുടെയും രക്ഷയ്ക്കായി പിറന്നവനെ വന്നു കാൺമീൻ എന്ന്. എന്നാൽ അത് വെറും ആഘോഷമാക്കരുത് എന്നുമാത്രം.

ലേഖനം

# ലോകത്തിന് ഭീക്ഷണി: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന കൃത്രിമ ബുദ്ധി



ഷൈജു തോമസ്, ഞാറയ്ക്കൽ
9447313709, 7561800305

മൂന്നാമത് ലോകമഹായുദ്ധത്തിൽ മാനവജനതയ്ക്ക് ഏറ്റവും ഭീക്ഷണി ഉയർത്തുന്നത് ആണവായുധങ്ങൾ ആയിരിക്കില്ല കൃത്രിമ ബുദ്ധി ഉപയോഗിച്ചുള്ള മത്സരം ആയിരിക്കും. മനുഷ്യന്റെ ബുദ്ധിയും തലച്ചോറും ചെയ്യുന്നത് ആധുനിക സാങ്കേതിക വിദ്യകളുപയോഗിച്ച് അനുകരിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. സോഷ്യൽ നെറ്റ് വർക്കിങ് സൈറ്റായ ഫെയ്സ്ബുക്ക് എല്ലാവർക്കും സുപരിചിതമാണ്. നമ്മൾതന്നെ ദിവസവും ഒട്ടേറെ സെൽഫികൾ എടുക്കുകയും അവ ഫെയ്സ്ബുക്കിൽ പോസ്റ്റ് ചെയ്യാറുമുണ്ട്. നിമിഷങ്ങൾക്കകംതന്നെ എഫ്.ബി. ആ ഫോട്ടോയിലുള്ള നിങ്ങളുടെ സുഹൃത്തുക്കളെ കണ്ടെത്തുകയും ടാഗ് സജെഷൻസ് മുന്നോട്ടുവെക്കുകയും ചെയ്യും. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ കൃത്രിമബുദ്ധി എന്ന സാങ്കേതികവിദ്യയുടെ സഹായത്തോടെയാണ് ഫെയ്സ്ബുക്ക് ഈ സംവിധാനം ഉപയോക്താക്കൾക്കുമുന്നിൽ അവതരിപ്പിച്ചത്. 1950ലാണ് കൃത്രിമബുദ്ധി എന്ന ആശയം ലോകത്തിനുമുന്നിൽ അവതരിപ്പിക്കപ്പെട്ടത്. ഏതാണ്ട് 70 വർഷം പിന്നിടുമ്പോൾ ഈ സാങ്കേതികവിദ്യ വളർന്ന് നമുക്ക് ചിന്തിക്കാൻപോലും കഴിയാത്ത വിധം ഉയരത്തിൽ എത്തിച്ചേർന്നു. ഇന്റർനെറ്റിൽ അധിഷ്ഠിതമായ ലോകപ്രശ്സത സൈറ്റുകളും, സാങ്കേതിക വിദ്യ കൂടിയ സ്മാർട്ട് ഫോണുകളുടെയും പ്രവർത്തനത്തിൽ കൃത്രിമ ബുദ്ധിയുടെ ഉപയോഗം ഉണ്ട്. ഒരോ വർഷം കഴിയുന്തോറും ഈ ശാസ്ത്ര ശാഖ വളർന്നു കൊണ്ടിരിക്കുകയാണ്. ഗവേഷകരുടെ നിരീക്ഷണം അനുസരിച്ച് അടുത്ത നൂറു വർഷത്തിനുള്ളിൽ കൃത്രിമ ബുദ്ധി ലോകത്തെ തന്നെ കീഴടക്കും. ഡേറ്റാ സയൻസ്, ആരോഗ്യ മേഖല, പ്രതിരോധം ബാങ്കിംഗ്, ഫൈനാൻസ് മേഖലകളിൽ എല്ലാം തന്നെ കൃത്രിമ ബുദ്ധിയെ പ്രയോജനപ്പെടുത്തുവാൻ ഏവരും തയ്യാറായി തീരും എന്നതാണ് സത്യം. മാനുഷിക പിഴവുകൾ ഇല്ലാതെ അതീവ സൂഷ്മതയോടെ ചെയ്യേണ്ട പ്രവർത്തികളെ മനുഷ്യനെക്കാൾ കൂർമ്മതയോടെ കൈകാര്യം ചെയ്യുവാൻ സാധിക്കും എന്നതാണ് ഈ ശാസ്ത്ര ശാഖയെ ഏവർക്കും പ്രീയപ്പെട്ടതാക്കുന്നത്. കൃത്രിമബുദ്ധി എന്ന സാങ്കേതികവിദ്യയെ മനുഷ്യബുദ്ധിയിൽനിന്ന് വ്യത്യസ്തമാക്കുന്നത് അതിന്റെ പഠനത്തിലുള്ള വേഗവും വ്യാപ്തിയുമാണ്. ചുറ്റുപാടുകൾ കണ്ടുമനസ്സിലാക്കാനും ശബ്ദവും ഭാഷയും തിരിച്ചറിയാനും ഇതെല്ലാം ഉപയോഗിച്ച് സങ്കീർണമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും കഴിയും. അനുഭവങ്ങളിൽനിന്ന് പഠിച്ചുകൊണ്ട് ബുദ്ധി സ്വന്തമായി ശക്തിപ്പെടുത്താനുമുള്ള കഴിവ് കൃത്രിമബുദ്ധിക്കുണ്ട്. പദസഞ്ചയത്തെ യന്ത്രത്തിന്റെ ഹാർഡ് ഡിസ്കിൽ പകർത്തി ആ പദങ്ങളെ കൃത്യമായ സമയത്ത് ഉപയോഗിക്കുന്നതാണ് കൃത്രിമ ബുദ്ധി അതിനെ ജെനിറ്റിക് അൽഗോരിതം എന്നാണ് പറയുന്നത്. ഈ സാങ്കേതിക വിദ്യയിലാണ് കമ്പ്യൂട്ടർ പ്രവർത്തിക്കുന്നത്. സാധാരണ മനുഷ്യൻ ഉപയോഗിക്കുന്ന ബുദ്ധിയെ അൽഗോരിതം എന്നാണ് പറയുന്നത്. എന്നു പറഞ്ഞാൽ ഓർമ്മ മണ്ഡലത്തിൽ മറഞ്ഞിരിക്കുന്നത് കൃത്യമായ സമയത്ത് മനോമുകുരത്തിലേക്ക് എത്തിക്കുന്നതിനെയാണ് ഈ പേരിൽ വിളിക്കുന്നത്. അതിനെ കൃത്രിമമായി ഉളവാക്കി കമ്പ്യൂട്ടർ ഹാർഡ് ഡിസ്കിൽ നിറച്ച് കൃത്രിമ ബുദ്ധിയായി ഉപയോഗിക്കുന്നത് ജെനിറ്റിക് അൽഗോരിതത്തിന്റെ സഹായത്തോടെയാണ്. എന്നാൽ ഏറെ പ്രതീക്ഷയോടെവികസിപ്പിച്ചെടുത്ത ഈ സാങ്കേതിക വിദ്യ കഴിഞ്ഞ ദിവസം ഫെയ്സ്ബുക്കിന് നിർത്തേണ്ടി വന്നു. കാരണം പഠിപ്പിച്ചു കൊടുത്ത ഭാഷയിൽ നിന്നും വ്യത്യസ്ഥമായി സ്വന്തമായ ഭാഷ വികസിപ്പിച്ച് വിവരങ്ങൾ കൈമാറാൻ തുടങ്ങിയതോടെയാണ് അപ്രകാരം ചെയ്തത്. കാര്യങ്ങൾ കൈവിട്ട് പോകുന്നു എന്നാണ് ഇതിൽ നിന്നും മനസ്സിലാക്കുന്നത്. ഡയലോഗ് ഏജന്റുമാരായ ചാറ്റ് ബോട്ടുകളെ കൂടുതൽ പരിഷ്ക്കരിക്കുന്നതിനുള്ള ഗവേഷണങ്ങൾ നടത്തുന്നതിനിടെയാണ് ചാറ്റ് റോബോട്ടുകൾ ഗവേഷകർക്ക് മനസ്സിലാക്കാത്ത സ്വന്തമായ ഭാഷ രൂപികരിച്ച് ആശയ വിനിമയം നടത്തുന്നത് ശ്രദ്ധയിൽ പെട്ടത്. മെഷീൻ ലേണിംഗ് അൽഗോരിതം ഉപയോഗിച്ച് സ്വതന്ത്രമായ ചാറ്റ് റോബോട്ടുകൾ ആശയവിനിമയം നടത്തുകയും സംഭാഷണ നൈപുണ്യം ശക്തിപ്പെടുത്തുന്നതും ഗവേഷകർ തിരിച്ചറിയുകയും അവർ ഇത് പൂട്ടുകയും ചെയ്തത്അതിനിടയിൽ ദൈവത്തിന്റെ ബുദ്ധിയിലേക്ക് ആർട്ടിഫിഷൽ ഇന്റലിജൻസിനെ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ ഒരു മതം കൂടി സ്ഥാപിതമായിരിക്കുന്നു ഈ ലോകത്തിൽ. വേ ഓഫ് ദ ഫ്യൂച്ചർ (ഡബ്യൂഒടിഎഫ്) എന്നാണ് ഈ മതത്തിന്റെ പേര്. ദൈവത്തിന്റെ ശക്തിയിലേക്ക് ആർട്ടിഫിഷൽ ഇന്റലിജൻസിനെ വികസിപ്പിക്കുക എന്നതാണ് ഈ മത സംഘത്തിന്റെ ലക്ഷ്യം. ദൈവം ലോകത്തെ സൃഷ്ടിച്ചതു പോലെ കൃത്രിമ ബുദ്ധിയാൽ ലോകത്തിൽ പുതിയ മാറ്റങ്ങൾ വരുത്തുക എന്നതാണ് ആവശ്യം എന്ന് ഇതിന്റെ പ്രായോജകർ അവകാശപ്പെടുന്നു. സാധാരണ ദൈവത്തെ പോലെതന്നെ കൃത്രിമ ബുദ്ധി ദൈവത്തിനെയും കാണുവാനാണ് ജനങ്ങളോട് ആവശ്യപ്പെടുന്നത്. കൂടുതൽ കൂടുതൽ വികസിപ്പിച്ച് കൃത്രിമ ബുദ്ധി ദൈവത്തെക്കൊണ്ട് ലോകത്തെ തന്നെ നിയന്ത്രിക്കുക എന്ന ഉദ്ദേശം കൂടി ഈ വ്യാജ മതത്തിന്റെ നിർമ്മാതക്കൾ ഉണ്ട്. ഇതെല്ലാം വേദപുസ്തക പ്രവചനമാണ്. എതിർക്രിസ്തുവിന്റെ ഭരണത്തിൽ ലോകത്തെ നീയന്ത്രിക്കുന്ന വ്യാജമതം. മൃഗത്തിന് സംസാരിക്കുവാൻ ആത്മാവിനെ കൊടുക്കുകയും, മൃഗത്തിന്റെ പ്രതിമയെ വണങ്ങുവാൻ ഭൂവാസികളെ നിർബന്ധിക്കുകയും ചെയ്യുന്ന തലത്തിലേക്കാണ് ഈ ശാസ്ത്രശാഖയുടെ യാത്ര.

# സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ്

ഇന്ത്യയിലെ സുവിശേഷീകരണരംഗത്ത് പ്രവർത്തിച്ചുവരവെയാണ് 1997-ൽ പാസ്റ്റർ സന്തോഷ് പൊടിമല ഒക്കലഹോമ IPA സഭയുടെ യൂത്ത് പാസ്റ്ററായി എത്തുന്നത്. 8 വർഷത്തെ ശുശ്രൂഷയ്ക്ക് ശേഷം ഡാളസ് ഫെയ്ത്ത് റ്റാബർനാക്കിൾ സഭയുടെ പാസ്റ്ററായി. 5 വർഷങ്ങൾക്കുശേഷം 2011 മുതൽ ബഥേൽ പെന്തെക്കോസ്തൽ അസംബ്ലിയുടെ ശുശ്രൂഷകനായിരിക്കുന്നു. 2006-ൽ Baylor ഹോസ്പിറ്റലിൽ ചാപ്ലെൻ ആയി ജോലിയിൽ പ്രവേശിച്ചു. ഈ കാലയളവിൽ ഇപ്പോൾ താമസിക്കുന്ന പട്ടണത്തിൽ കർത്താവിനായി എന്തു ചെയ്യുന്നു എന്ന ചിന്ത തന്നെ അലട്ടിക്കൊണ്ടിരുന്നു. ഡാളസ് ഡൗൺടൗണിലൂടെ യാത്ര ചെയ്യുമ്പോൾ ഭവനമില്ലാതെ തെരുവിലുറങ്ങുന്നവരുടെ കാഴ്ച മനസിനെ നൊമ്പരപ്പെടുത്തിക്കൊണ്ടിരുന്നു. ആഹാരത്തിനായി കരങ്ങൾ നീട്ടി എത്തുന്നവരുടെ ദയനീയ മുഖങ്ങൾ ചോദ്യചിഹ്നമായി ഉയർന്നുനിന്നു. ഇക്കാലത്ത് മലയാളികളെ മാത്രം കേന്ദ്രീകരിച്ചു നടത്തുന്ന സഭാപ്രവർത്തനത്തിൽ നിന്ന് മറ്റുള്ളവരിലേക്കും എത്തിച്ചേരണം എന്ന ചിന്തയും തന്നെ ഭരിച്ചു. തന്റെ ജോലി സ്ഥലത്തുണ്ടായ അനുഭവമാണ് തന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ മുഖാന്തിരമായത്.

ഡിട്രോയ്റ്റിൽ നിന്നും ജോലി നഷ്ടപ്പെട്ട ഒരു കുടുംബം ഡാളസിലേക്ക് താമസം മാറ്റി. ഇവിടെയും അവർക്ക് ജോലി കണ്ടെത്താനായില്ല. ആരെങ്കിലും ജോലിക്കു വിളിക്കുമെന്ന പ്രതീക്ഷയിൽ തൊഴിലാളികൾ നിൽക്കുന്ന ഇടത്ത് ഗൃഹനാഥൻ പല ദിവസങ്ങൾ കാത്തു നിന്നെങ്കിലും ആരും തന്നെ ജോലിക്കായി വിളിച്ചില്ല. വീട്ടിലെത്തിയ തന്നോട് വിശന്നു തളർന്ന ഇളയമകൻ പ്രതീക്ഷയോടെ ആഹാരം ചോദിച്ചു. വെറും കൈയോടെ എത്തിയ താൻ സങ്കടം സഹിക്കാതെ തന്റെ കരം കൊണ്ട് ഭിത്തിയിൽ ആഞ്ഞടിച്ചു. നിർഭാഗ്യവശാൽ ആ ഇടിമൂലം തന്റെ കൈപ്പത്തി ഒടിഞ്ഞു. ഹോസ്പിറ്റലിലെത്തിയ താൻ ചാപ്ലെനെ കാണണം എന്നാവശ്യപ്പെട്ടപ്പോൾ പാസ്റ്റർ സന്തോഷ് പൊടിമല തന്റെ മുറിയിൽ അവരുമായി സംസാരിച്ചു. ചില ദിവസങ്ങളായി പട്ടിണിയിലായിരുന്ന ആ പ്രിയപ്പെട്ടവർക്ക് ആഹാരം വാങ്ങി നൽകിയതോടൊപ്പം ആവശ്യമായ സഹായങ്ങളും ചെയ്തു. ഇത് തന്റെ പ്രവർത്തനമേഖലയിലേക്ക് പെട്ടെന്നിറങ്ങുന്നതിനു മുഖാന്തിരമായി മാറി. 2011-ൽ സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവർ, കുറ്റവാളികൾ, ജയിൽ ശിക്ഷ അനുഭവിച്ച് പുറത്തിറങ്ങി വീണ്ടും തെരുവിലെത്തിയവർ. ഇങ്ങനെ ആയിരങ്ങളാണ് ഭവനമില്ലാതെയും ഭക്ഷണമില്ലാതെയും അലയുന്നവർ. അവരിലേക്ക് സുവിശേഷത്തിന്റെ വെളിച്ചത്തോടൊപ്പം ഭക്ഷണം, വസ്ത്രം തുടങ്ങിയവ എത്തിച്ചും ദൈവസ്നേഹത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്ന വലിയ ദൗത്യമാണ് പാസ്റ്റർ സന്തോഷ് പൊടിമലയുടെ നേതൃത്വത്തിൽ നടക്കുന്നത്. അനേകർ രക്ഷിക്കപ്പെട്ട് വിശ്വാസസ്നാനം സ്വീകരിച്ചു. അവരിൽ ചിലർ ഇവരുടെയിടയിൽ തന്നെ സുവിശേഷകരായി അനേകരുടെ സഹകരണത്താലും സഹായത്താലും മുന്നേറുന്ന സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പിന്റെ പ്രവർത്തനം എല്ലാവർക്കും മാതൃകയാണ്.



പാസ്റ്റർ സന്തോഷ് പൊടിമല, സഹധർമ്മിണി സൂസൻ സന്തോഷ്, മക്കളായ സ്നേഹ, സേത്ത്, മാതാപിതാക്കളായ പാസ്റ്റർ ബഞ്ചമിൻ തോമസ്, പൊന്നമ്മ ബഞ്ചമിൻ ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലി വിശ്വാസികൾ ഒപ്പം അനേകരും ഈ പ്രവർത്തനത്തിൽ സജീവ പങ്കാളിത്വം വഹിക്കുന്നു. പാസ്റ്റർ സന്തോഷ് പൊടിമല, പാസ്റ്റർ ബഞ്ചമിൻ തോമസ്, ജോർജ്ജ് ഏബ്രഹാം, ജോൺ കെ. ബാബു, ഡോ. നെസ്റ്റർ ബുണ്ട, ഡോ. പോൾ പേവേ, ഫിലേമോൻ സി. പി. എന്നിവർ ഈ പ്രവർത്തനത്തിന് നേതൃത്വം നൽകുന്നു.

www.sacredhandsofhope.org.
E-mail:
sacredhandsofhope@gmail.com
Ph: 214 929 3370



പാസ്റ്റർ സാമുവേൽ എം. സാമുവേൽ
- ഗ്രേസി സാമുവേൽ

മാവേലിക്കര വരേണിക്കൽ പാസ്റ്റർ എം. എം. ശമുവേൽ -എലിസബേത്ത് ദമ്പതികളുടെ മകനായി 1941-ൽ ജനിച്ച പാസ്റ്റർ സാമുവേൽ എം. സാമുവേൽ സ്കൂൾ പഠനശേഷം പുനലൂർ ബഥേൽ ബൈബിൾ കോളജിൽ വേദനപഠനം നടത്തി. തുടർന്ന് മാവേലിക്കരയിലുള്ള ചിൽഡ്രൻസ് ഹോമിൽ പ്രവർത്തിച്ചു. പിന്നീട് മുംബൈയിൽ ജോലിയോടൊപ്പം കർത്തൃവേലയിൽ വ്യാപൃതനായി. 1971-ൽ വെണ്മണി കല്ലുങ്കൽ കുടുംബാംഗമായ ഏലിയാമ്മ (ഗ്രേസ്) ജീവിത സഖിയായി. ഇളമണ്ണൂർ സഭയുടെ ശുശ്രൂഷകനായിരുന്നു. ഒപ്പം പൊതുശുശ്രൂഷകനായും ഏ. ജി. മലയാളം ഡിസ്ട്രിക്ടിൽ പ്രവർത്തിച്ചു.

1974-ൽ ഡാളസിലെത്തി. ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലിയുടെ അംഗവും ശുശ്രൂഷകളിലെ സജീവസാന്നിധ്യവുമാണ്. സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പിന്റെ പ്രവർത്തനങ്ങളിലെ മുന്നണി പ്രവർത്തകരായ ഈ പ്രിയപ്പെട്ടവർ പ്രവർത്തനങ്ങളുടെ കോർഡിനേഷൻ നന്നായി നിർവ്വഹിക്കുന്നു. ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ പ്രവർത്തന മേഖലകളിലേക്ക് മിഷണറി യാത്ര നടത്തുന്ന ഈ കുടുംബം ഡാളസിൽ ഹോംലെസ്സ് ആളുകളുടെ ഇടയിലെ പ്രവർത്തനങ്ങളിൽ സജീവ സാന്നിധ്യമാണ്. ഒപ്പം ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലിയുടെയും. മക്കൾ: ഫിന്നി, ജസ്റ്റിൻ, ജാൻസി.






















# ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി



ഡെറാഡൂൺ ബൈബിൾ കോളജിലെ പഠനകാലം. ദൈവീക നിയോഗം തിരിച്ചറിയുവാനും അതിനായി സമർപ്പിക്കുവാനും ഇടയായത് അവിടെവെച്ചാണ്. ഉത്തര ഭാരതത്തിലെ ഗ്രാമങ്ങളുടെ ശോച്യാവസ്ഥയും പട്ടിണിയും ഒക്കെ അടുത്തറിയുവാൻ സഹായിച്ചത് ആ പഠനകാലമാണ്. അങ്ങനെയാണ് നോർത്തിന്ത്യൻ ഗ്രാമങ്ങളെ ലക്ഷ്യമാക്കി പ്രവർത്തിക്കുവാൻ പ്രേരണ ലഭിക്കുന്നത്. തന്റെ ഉള്ളിലുള്ള ആഗ്രഹവും പ്രാർത്ഥനയും സഫലീകരിക്കുവാൻ ദൈവം തക്കതായ കൂട്ടുകെട്ടിനെയും മുഖാന്തിരങ്ങളെയും ഒരുക്കി. പാസ്റ്റർ സന്തോഷ് പൊടിമല എന്ന യുവ സുവിശേഷകന്റെ ആഗ്രഹവും ദർശനവുമറിഞ്ഞ തന്റെ സഹപാഠിയായ പാസ്റ്റർ രാജൻ ബേബിയും ഒരുമിച്ച് ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് സുവിശേഷം അറിയിക്കുവാൻ തുടങ്ങി. സഹായിക്കുവാൻ ആരുമില്ല. എവിടേക്കു പോകണം എന്നറിഞ്ഞുകൂടാ. സൈക്കിളിലും കാൽനടയായും അവർ ഗ്രാമങ്ങൾ തോറും സുവിശേഷം അറിയിച്ചു കൊണ്ടിരുന്നു. പട്ടിണിയോ ഭീഷണിയോ വെയിലോ മഞ്ഞോ ഒന്നും അതിനു തടസ്സമായില്ല. യൗവ്വനത്തിന്റെ ഊർജ്ജവും ഉത്സാഹവും അതിന് വളമായി.



പാസ്റ്റർ രാജൻ ബേബി. ഭാര്യ: ഏലിയാമ്മ രാജൻ

1991-ൽ ചണ്ഡിഗഢിനു സമീപമുള്ള കസോളി എന്ന ഗ്രാമത്തിൽ നടന്ന 21 ദിന ഉപവാസപ്രാർത്ഥന ശുശ്രൂഷാ ജീവിതത്തിന്റെ പുതിയ വഴിത്തിരിവായി മാറി. ദൈവീക ദർശന പ്രകാരം സമീപഗ്രാമമായ മണിമാജ്രയിൽ സഭായോഗത്തിന് ആരംഭം കുറിച്ചു. പാസ്റ്റർ രാജൻ ബേബി നേതൃത്വം നൽകി. തുടർമാനമായ പ്രവർത്തനങ്ങളിലൂടെ അനേകർ ക്രിസ്തുവിനെ അറിഞ്ഞു ഗ്രാമങ്ങളിൽ നിന്നും ഗ്രാമങ്ങളിലേക്ക് പ്രവർത്തനം വ്യാപിച്ചു. 2004-ൽ ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി എന്ന പേരിൽ മിഷൻ പ്രവർത്തനം രജിസ്റ്റർ ചെയ്തു. 2005-ൽ ചാരിറ്റബിൾ ട്രസ്റ്റും രജിസ്റ്റർ ചെയ്തു. പാസ്റ്റർ സന്തോഷ് പൊടിമല പ്രസിഡന്റും പാസ്റ്റർ രാജൻ ബേബി വൈസ് പ്രസിഡന്റുമായുള്ള കമ്മിറ്റിയാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പഞ്ചാബിലും ഒറീസയിലുമായി 39 സഭാ പ്രവർത്തനങ്ങൾ ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലിയുടെ നേതൃത്വത്തിൽ നടക്കുന്നു. സുവിശേഷീകരണത്തോടൊപ്പം ജീവകാരുണ്യ രംഗത്തും ICA ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പഞ്ചാബിലും ഒറീസയിലുമുള്ള തയ്യൽ സ്കൂളുകൾ ഓർഫനേജുകൾ ഇവയെല്ലാം സഭയുടെ പ്രധാന സാമൂഹ്യ പ്രവർത്തനങ്ങളാണ്. ഒപ്പം പഞ്ചാബിലെ കുഷ്ഠരോഗഗ്രാമങ്ങളിലും ICA പ്രവർത്തകർ സുവിശേഷത്തോടൊപ്പം സഹായഹസ്തവുമായി എപ്പോഴും എത്തുന്നു.

തദ്ദേശീയരായ സുവിശേഷകരെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭം കുറിച്ച ഇൻഡ്യാ ക്രിസ്ത്യൻ അസംബ്ലി ബൈബിൾ സ്കൂളിന്റെ 12-ാമത് ബാച്ചും സുവിശേഷീകരണത്തിനായി വയലിലേക്കു പോകുവാൻ സജ്ജരായിക്കഴിഞ്ഞു. പാസ്റ്റർ രാജൻ ബേബി മണിമാജ്രയിൽ താമസിച്ച് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നു.

ഇന്ത്യയുടെ വ്യവസായ തലസ്ഥാനം കൂടിയായ മുംബൈയിലും ICA യുടെ പ്രവർത്തനം കഴിഞ്ഞ വർഷം മുതൽ ആരംഭിച്ചു. മുംബൈ പൻവേലിൽ സ്ഥിതിചെയ്യുന്ന ഓർഫനേജിന്റെ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്വം വഹിക്കുന്നു. 25 കുട്ടികളടക്കം 60 ലധികം ആളുകളെ തെരുവിൽ നിന്നും കണ്ടെടുത്ത് ഇവിടെ സംരക്ഷിക്കുന്നുണ്ട്. എയിഡ്സ് രോഗികളടക്കം ഉള്ളവരാണ് ഇവിടുത്തെ അന്തേവാസികൾ. മുംബൈ തെരുവിലുള്ളവർക്കായി ആഹാരവിതരണ പദ്ധതി ഈ മാസം മുതൽ ആരംഭിക്കുകയാണ്. വിവിധ നിലകളിൽ ദൈവനാമ മഹത്വത്തിനായി പ്രവർത്തിക്കുന്ന ICA വളർച്ചയുടെ പടവുകൾ പിന്നിട്ട് മുന്നേറുന്നു. ഡാളസ് ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലിയും അതിലെ വിശ്വാസികളും ICA പ്രവർത്തനങ്ങളിൽ പങ്കുചേരുന്നു.



പാസ്റ്റർ ജോസഫ് തോമസ്-ഏലിയാമ്മ ജോസഫ്

70 വയസ് പിന്നിട്ട ഈ ദമ്പതികൾ വിശ്രമജീവിതം നടത്തേണ്ട പ്രായത്തിലും എല്ലാവർഷവും പഞ്ചാബിലേക്കു മിഷണറി യാത്ര നടത്തുന്നു. അവിടെയെത്തി ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് സുവിശേഷം പങ്കിടുന്നു. സുവിശേഷകർക്ക് ക്ലാസെടുക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നു. ഡാളസ് ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലിയുടെ വിശ്വാസികളായ ഈ പ്രിയപ്പെട്ടവർ കർത്താവ് തരുന്ന ആയുസ് കർത്താവിന്റെ നാമമഹത്വത്തിനായി പ്രയോജനപ്പെടണം എന്ന സമർപ്പണത്തോടെ ഓടുകയാണ്. ഭാരതത്തിലെ മാത്രമല്ല സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പിന്റെ പ്രവർത്തനത്തിലും മുന്നണിയിൽ നിന്ന് പ്രവർത്തിക്കുന്നു. ഓരോ മിഷണറി യാത്രയും തങ്ങളെ അടുത്ത യാത്രക്കായി ഉത്സാഹിപ്പിക്കുന്നു എന്നതാണ് അനുഭവം. വെച്ചൂച്ചിറ കൂവപ്പുഴയിൽ പാസ്റ്റർ കെ. എം. തോമസിന്റെ മകനായി ജനിച്ച ജോസഫ് തോമസ് തിരുവല്ല ശാരോനിലും റാന്നി സൗത്ത് ഇൻഡ്യൻ ബൈബിൾ സ്കൂളിലും പഠനം നടത്തി. പുനലൂർ അണ്ടൂർപച്ച സഭയുടെ ശുശ്രൂഷ നിർവ്വഹിച്ചു. 1973-ൽ പുനലൂർ ഇടമൺ കിഴക്കേതിൽ കുടുംബാംഗമായ ഏലിയാമ്മ ജോസഫിനെ വിവാഹം ചെയ്തു. 1976-ൽ അമേരിക്കയിലെത്തി. മക്കൾ: റ്റോമി, എബി.

ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലിയുടെയും സേക്രഡ് ഹാന്റ്സ് ഓഫ് ഹോപ്പിന്റെയും ബെഥേൽ പെന്തെക്കോസ്തൽ അസംബ്ലിയുടെയും പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്വം വഹിക്കുന്നു.

















ചോദ്യോത്തരവേദി

# ഒരവസരത്തിലും പ്രതികരിക്കാതിരിക്കുന്നതാണോ ക്രിസ്തീയ ആത്മീയത?



ജോർജ്ജ് ഫിലിപ്പ് തെക്കേക്കര

***ചോദ്യം:*** ഈയടുത്തിടെ ഒരു ബൈബിൾ ടീച്ചർ പഠിപ്പിക്കുന്നത് കേൾക്കുവാനിടയായി. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ്: "ആത്മാവിനെ അനുസരിച്ച് നടക്കുന്ന വിശ്വാസിയുടെ ജീവിതത്തിൽ ഓരോന്ന് സംഭവിക്കുമ്പോഴുള്ള അവരുടെ പ്രതികരണത്തിന് 'choice'കളില്ല. മറിച്ച്, ഒറ്റ choice മാത്രമേയുള്ളു. ആരെങ്കിലും വിമർശിക്കുകയാണെങ്കിൽ തിരിച്ച് മറുപടി കൊടുക്കാൻ പാടില്ല. ആരെങ്കിലും ഉപദ്രവിക്കുകയാണെങ്കിൽ തിരിച്ച് നടപടി പാടില്ല. ആർക്കെങ്കിലും നമ്മുടെ ഭൗതീക സാധനങ്ങൾ വേണമെങ്കിൽ കൊടുക്കുക. ബലപ്രയോഗത്തിലൂടെ എടുത്തുകൊണ്ടുപോകുകയാണെങ്കിലും നടപടി പാടില്ല". ഇങ്ങനെ നമ്മൾ ജീവിക്കുകയാണെങ്കിൽ ഒരു വിശ്വാസിയെ ആർക്കുവേണമെങ്കിലും തമ്പേറുകൊട്ടുന്നതുപോലെ കൊട്ടാമല്ലോ? പോലീസിലും പട്ടാളത്തിലും നീതിന്യായ വ്യവസ്ഥകളിലും ജോലി ചെയ്യാൻ ബുദ്ധിമുട്ടാകുമല്ലോ? താങ്കളുടെ പ്രതികരണം പ്രതീക്ഷിക്കുന്നു.

**- എക്സ്, മല്ലപ്പള്ളി**

***ഉത്തരം:*** യേശുവിന്റെ പുനരുത്ഥാനത്തിനുശേഷം എല്ലാ രാജ്യങ്ങളിലും വിശ്വാസിസമൂഹം ഉടലെടുക്കുമെന്ന് സ്വർഗ്ഗത്തിന് അറിയാമായിരുന്നു. അവർക്ക് നിത്യജീവിതത്തിലുണ്ടാകുന്ന പ്രശ്നങ്ങൾക്ക് ക്രിസ്തീയ അടിസ്ഥാനത്തിലുള്ള പ്രതികരണവും ആവശ്യമാണല്ലോ! എന്നാൽ യേശുക്രിസ്തു തന്റെ ശുശ്രൂഷാകാലത്ത് ഒരു ഉപദേശം പോലും തന്റെ കൈപ്പടയിൽ അവർക്കുവേണ്ടി എഴുതിവെച്ചിട്ടില്ലായിരുന്നു. തന്റെ ശുശ്രൂഷാകാലത്ത് നടത്തിയ പ്രബോധനങ്ങളും പ്രസംഗങ്ങളും എല്ലാം ന്യായപ്രമാണത്തിന്റെ യഥാർത്ഥ വ്യാഖ്യാനങ്ങളായിരുന്നു. കാരണം, കേൾവിക്കാർ യെഹൂദരായിരുന്നുവല്ലോ. എന്നാൽ തന്റെ ഒപ്പം നടന്ന ശിഷ്യന്മാരെക്കൊണ്ടും (പത്രോസ്, യോഹന്നാൻ) ശുശ്രൂഷാകാലത്ത് ഒപ്പമില്ലാതിരുന്ന തന്റെ സഹോദരന്മാരായ യൂദയെക്കൊണ്ടും യാക്കോബിനെക്കൊണ്ടും, ക്രിസ്തീയ കൂട്ടായ്മകളെ ഉപദ്രവിച്ചും കൊന്നും നടന്ന ഒരു പൗലോസിനെക്കൊണ്ടുമാണ് വിശ്വാസികൾക്കും, സഭയ്ക്കുമുള്ള ഉപദേശങ്ങൾ എഴുതിക്കാൻ കർത്താവിന് ഇഷ്ടം തോന്നിയത്.

പൗലോസ് ഇപ്രകാരം എഴുതിയിരിക്കുന്നു: "എന്നിൽ നിന്ന് നിങ്ങൾ പഠിക്കുകയും സ്വീകരിക്കുകയും കേൾക്കുകയും കാണുകയും ചെയ്തിരിക്കുന്നവ പ്രാവർത്തികമാക്കുവിൻ; **എന്നാൽ സമാധാനത്തിന്റെ ദൈവം** നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (ഫിലിപ്പ്യർ 4:9). നിത്യജീവിതത്തിൽ ഒരു വിശ്വാസിക്ക് **സമാധാനത്തിൽ ജീവിക്കണമെങ്കിൽ** പലയിടത്തും പ്രതികരണം ആവശ്യമാണ്. അല്ലെങ്കിൽ ക്രിസ്തീയ ജയജീവിതം സാദ്ധ്യമല്ല. ചെയ്യേണ്ട ചില പ്രതികരണങ്ങൾ താഴെക്കുറിക്കുന്നു.

1) ചില ഉപദേശികളെ വീട്ടിൽ കയറ്റുകയോ കുശലം പറയുകയോ ചെയ്യാൻ പാടില്ല (2 യോഹന്നാൻ 10 വായിക്കുക).

2) ആരോഗ്യമുള്ള വിശ്വാസികൾ, ആത്മീകമായോ ഭൗതീകമായോ ജോലിയൊന്നും ചെയ്യാതെ ക്രമംകെട്ട് നടക്കുകയാണെങ്കിൽ, അവരുമായുള്ള സംസർഗ്ഗം കുറച്ച്, അവരെ വേർതിരിച്ച് അവർക്ക് മാനസാന്തരം വരുത്തി തൊഴിലെന്തെങ്കിലും ചെയ്യാൻ പ്രേരിപ്പിക്കണം (2 തെസ്സലോനികൃർ 3:6-10).

3) ചില സ്വഭാവവിശേഷതയുള്ള വിശ്വാസികളുമായി സംസർഗ്ഗം പാടില്ല, കൂടെയിരുന്ന് ഭക്ഷണം കഴിക്കാൻപോലും പാടില്ല, മാനസാന്തരപ്പെടുന്നതുവരെ (1 കൊരി. 5:9-11).

4) ചില സ്വഭാവക്കാരായ വിശ്വാസികളുമായി അകന്നു നില്ക്കണം (2 തിമൊ. 3:1-5)

5) കൂട്ടായ്മകളിൽ ഭിന്നത ഉണ്ടാക്കുവാൻ ശ്രമിക്കുന്നവനെ ഒഴിവാക്കുക (തീത്തോസ് 3:10)

6) ഇടർച്ചയും ഭിന്നതയും ഉണ്ടാക്കുന്നവരിൽ നിന്ന് അകന്ന് നില്ക്കുക (റോമർ 16:17)

**ഈ നടപടികളെല്ലാം എടുക്കുന്നത് വിശ്വാസികളുടെ മാനസാന്തരനുഭവത്തിനു വേണ്ടിയാണ്.**

ക്രിസ്തീയ വിശ്വാസികൾക്കും മറ്റുള്ള മതവിശ്വാസികൾക്കും വ്യത്യസ്ത പ്രത്യാശകളാണുള്ളത്. ക്രിസ്തീയ പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന മറ്റു മതവിശ്വാസികളോട് മറുപടി പറയുകയും, പറയുമ്പോൾ സൗമ്യതയും ഭയഭക്തിയും ഉണ്ടായിരിക്കണം (2 പത്രോസ് 3:15).

പല രാജ്യത്തും പല രീതിയിലുള്ള ഭരണരീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ചൈനയിൽ കമ്മ്യുണിസം, വടക്കൻ കൊറിയായിൽ ഏകാധിപത്യം, ചില ഇസ്ലാമിക രാജ്യങ്ങളിൽ രാജഭരണം, ഇൻഡ്യയിൽ ജനാധിപത്യം. വചനം ഇപ്രകാരം രേഖപ്പെടുത്തുന്നു: "ഏതു മനുഷ്യനും അവരവരുടെ രാജ്യത്തെ മേലാധികാരികൾക്ക് കീഴ്പ്പെട്ടിരിക്കട്ടെ....നിലവിലുള്ള അധികാരങ്ങളോ ദൈവത്താൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോട് എതിർക്കുന്നവൻ ദൈവവ്യവസ്ഥയോട് എതിർക്കുന്നു" (റോമർ 13:1-3 സ്വതന്ത്രപരിഭാഷ). റോമർ 13 പ്രകാരം അവരവരുടെ രാജ്യത്തെ പോലീസ്, പട്ടാള, ചാര സംഘടന, നീതിന്യായ വ്യവസ്ഥകളിൽ ജോലിയിലിരിക്കുന്നതിനേ ക്രിസ്തീയ വിശ്വാസം അനുകൂലിക്കുന്നു. ആദിമ ക്രിസ്തീയ വിശ്വാസിയായിരുന്ന കൊർന്നല്ല്യോസ് രാജഭരണമായിരുന്ന റോമൻ പട്ടാളമേധാവിയായിരുന്നു (അപ്പോ.പ്രവ.10).

എരസ്തൊസ് റോമൻ പൊതുമരാമത്ത് വകുപ്പ് ഡയറക്ടറായിരുന്നു (റോമർ 16:23). റോമിലെ ചക്രവർത്തിയുടെ കൊട്ടാരത്തിലും ജോലിക്കാരായി വിശ്വാസികളുണ്ടായിരുന്നു (ഫിലിപ്പ്യർ 4:22). "ഓരോരുത്തനും വിളിക്കപ്പെട്ട സ്ഥിതിയിൽത്തന്നെ വസിച്ചുകൊള്ളട്ടെ...."(1 കൊരി 7:20,21). ക്രിസ്തീയ വിശ്വാസികളല്ലാത്ത ഭരണാധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കാനും ബാദ്ധ്യതയുണ്ട് (1 തിമൊ. 2:2).

ഏത് വിശ്വാസിയുടെയും ഭൂമിയിലെ സമാധാനപരമായ ജീവിതത്തിന് പോലീസ്, പട്ടാള, കോടതി സേവനങ്ങൾ പ്രയോജനപ്പെടുത്താം. എന്നാൽ വിശ്വാസികൾ തമ്മിലുള്ള വ്യവഹാരം, അതും ഭൗതീക കാര്യങ്ങൾക്ക് വേണ്ടിയുള്ള തർക്കങ്ങൾ സഭാ നേതൃത്വം ഇടപെട്ട് പരാജയപ്പെട്ടാൽ മാത്രമേ അവിശ്വാസികളായ ന്യായാധിപന്മാരുടെ മദ്ധ്യസ്ഥതക്ക് പോകാൻ തുനിയാവൂ. സഭാനേതൃത്വത്തിന് ജ്ഞാനം ഇല്ലാതെ വന്നാൽ മാത്രമേ തർക്കം പരാജയപ്പെടാറുള്ളൂ (1 കൊരി. 6:5). ആത്മീയൻ ഭൗതിക നഷ്ടം സഹിക്കുന്നതാണ് ഉത്തമം (1 കൊരി. 6:1-8). നഷ്ടം സഹിച്ചാൽ കർത്താവ് പിന്നീട് ഉചിതമായ പരിഹാരം ഉണ്ടാക്കിത്തരും.

സംസാരിക്കേണ്ടടത്ത് സംസാരിക്കാതെ, നടപടിയെടുക്കേണ്ടടത്ത് നടപടിയെടുക്കാതെ, യഥാർത്ഥ സാഹചര്യങ്ങളും, സത്യങ്ങളും വികാരങ്ങളും മൂടിവെച്ച്, വെള്ളത്തിൽ വീണ കോഴി പതുങ്ങി പതുങ്ങി നടക്കുന്നതുപോലെ, സ്വന്തം വ്യക്തിത്വം വികലമാക്കിയശേഷം, ആർക്കും തമ്പേറു കൊട്ടാവുന്ന പരാജയപ്പെട്ട ജീവിതമല്ല ക്രിസ്തീയ ജയജീവിതം. ഭൂമിയിലെ സകലതും ചവറന്നെണ്ണിയ പൗലോസും റോമൻ പൗരനെന്നുള്ള നിലയിൽ തനിക്കു ന്യായം കിട്ടാൻ ചക്രവർത്തിക്ക് അപേക്ഷ നൽകിയിരുന്നു (അപ്പൊ. പ്രവ. 25:11). ബുദ്ധിഹീനരായ ആത്മീയനേതൃത്വത്തെ യേശുക്രിസ്തുവും വളരെ കട്ടികൂടിയ വാക്കുകൾ ഉപയോഗിച്ച് വിമർശിച്ചിരുന്നു. ഭരണാധികാരിയെ **'കുറുക്കൻ'** എന്നുവരെ വിളിച്ചിരുന്നു (ലൂക്കോസ് 13:32). തന്റെ പന്ത്രാണ്ടമത്തെ വയസ്സിൽത്തന്നെ അന്നത്തെ ആത്മീയ നേതാക്കളെ തന്റെ മറുപടിക്കൊണ്ട് അത്ഭുതപ്പെടുത്തിയിരുന്നു (ലൂക്കോസ് 2:47). ദൈവാലയത്തിലെ നാണയമാറ്റക്കാരെയും പ്രാവുകളെ വിൽക്കുന്നവരെയും യേശുക്രിസ്തു ബലപ്രയോഗത്തിലൂടെ പുറത്താക്കി (മർക്കൊസ് 11:15). ബൈബിൾ മൊത്തമായി പഠിച്ചാൽ, ഒരു മടിയനെയും ഉറക്കംതൂങ്ങിയെയും ആത്മവിശ്വാസമില്ലാത്തവനെയും ദൈവവേലയ്ക്ക് ദൈവം വിളിച്ചിട്ടില്ല. യേശുക്രിസ്തു പ്രതികരിക്കാതിരുന്ന ഏക അവസരം ക്രൂശീകരണവുമായി ബന്ധപ്പെട്ട വിസ്താര സമയത്തും ക്രൂശീകരണവേളയിലും മാത്രമായിരുന്നു. അത് യെശയ്യാവ് 53:7ന്റെ പ്രവചന നിവൃത്തിക്കുവേണ്ടി മാത്രമായിരുന്നു. "അവൻ പീഡിപ്പിക്കപ്പെടുകയും ഉപദ്രവമേൽക്കുകയും ചെയ്തിട്ടും അവൻ വായ് തുറന്നില്ല; കൊല്ലുവാൻ കൊണ്ടുപോകുന്ന കുഞ്ഞാടിനെപ്പോലെയും രോമം കത്രിക്കുന്നവരുടെ മുമ്പാകെ മൗനമായി നിൽക്കുന്ന ആടിനെപ്പോലെയും അവൻ വായ് തുറക്കാതിരുന്നു" (യെശയ്യാവ് 53:7). തന്റെ മാനുഷികതയിൽ തന്നെക്കുറിച്ച് എഴുതിയിരിക്കുന്ന പഴയനിയമ പ്രവചനങ്ങളെല്ലാം നിവർത്തിയാക്കാൻ കർത്താവ് ശ്രദ്ധിച്ചിരുന്നു (ലൂക്കോസ് 24:44).

വചനം അനുസരിച്ച് ജീവിക്കുന്നതിനാണ് ആത്മാവിലുള്ള ജീവിതമെന്ന് പറയുന്നത്. വാക്കിലും, സ്വഭാവത്തിലും , സ്നേഹത്തിലും, വിശ്വാസത്തിലും നിർമ്മലതയിലും മാതൃകയായിരുന്നുകൊണ്ട് '**പുരുഷത്വം**' കാണിപ്പാനാണ് വചനം നമ്മെ ഉപദേശിക്കുന്നത് (1 തിമൊ. 4:12; 1 കൊരി.16:13). എന്നാൽ ഏതു വിഷയത്തിലും അഭിപ്രായവ്യത്യാസം ഉണ്ടാകുക സ്വാഭാവികമാണ്. "നിങ്ങളിൽ ഉത്തമരായവർ ആരാണെന്ന് വെളിപ്പെടേണ്ടതിന് നിങ്ങളുടെ ഇടയിൽ ഭിന്നത ഉണ്ടാകേണ്ടതാണ്" (1 കൊരി. 11:9). ഒരു വിഷയത്തിലുള്ള ഭിന്നത വചനത്തിന്റെ വ്യക്തതയ്ക്കുവേണ്ടിയാണ്, വചനത്തിന്റെ മഹത്വത്തിനു വേണ്ടിയാണ്, അല്ലാതെ ഭൗതീക നേട്ടത്തിനുവേണ്ടിയോ പാപങ്ങൾ മറച്ചുവെയ്ക്കാനോ, സഭയെ രണ്ടാക്കുന്നതിനോ ഉള്ള ഭിന്നതയല്ല.

ഓരോ വിശ്വാസിയേയും വിളിക്കപ്പെട്ടിരിക്കുന്നത് കർത്താവിന്റെ സ്വഭാവവിശേഷതയോട് അനുരൂപരാകാനാണ്. മേൽവിവരിച്ച വചനങ്ങൾ വിസ്മരിച്ചുകൊണ്ട് ഒരു വിശ്വാസിക്കും ഒരു സഭയ്ക്കും ആത്മീയ വളർച്ചയുണ്ടാകുകയില്ല. 'ഒരവിശ്വാസി അങ്ങനെയുള്ള സഭയിൽ വന്നാൽ ദൈവം വാസ്തവമായി നിങ്ങളുടെ ഇടയിൽ ഉണ്ട് ഏന്ന് ഏറ്റ് പറഞ്ഞ് ദൈവത്തെ ആരാധിക്കുകയില്ല" (1 കൊരി. 14:25). 'അന്യോനമുള്ള പ്രബോധനങ്ങളും സാക്ഷ്യങ്ങളും വ്യാഖ്യാനങ്ങളും പ്രവചനങ്ങളും അവിടെ കാണുകയില്ല' (1കൊരി 14:26). എല്ലാവരും സ്വയം നീതികരിച്ച്, സ്വയം ആശ്വസിച്ച്, ആത്മീയശക്തിയില്ലാതെ കുറെകാലം മുന്നേറും. പിന്നീട് കൂട്ടായ്മ നിലനിർത്താൻ അരങ്ങ് നിയന്ത്രിക്കുന്നവൻ (Stage performer)തന്റെ ആദ്യത്തെ നിർമ്മലത വിട്ട് അഭിനയത്തിലേക്ക് തിരിയും. ഇതൊക്കെയാണ് ഇതുപോലുള്ള ഉപദേശങ്ങളുടെ അന്ത്യം.

01 ↰ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ്....

നാൻസ്), പാസ്റ്റർ തോമസുകുട്ടി ഏബ്രഹാം (സ്തോത്രകാഴ്ച), പാസ്റ്റേഴ്സ് ജി. അലക്സ്, വി. പി. തോമസ് (പ്രെയർ), പാസ്റ്റർ പി.സി. ചെറിയാൻ (പബ്ലിസിറ്റി), പാസ്റ്റർ ഷിബു കെ. മാത്യു (ട്രാൻസ്ലേഷൻ), പാസ്റ്റർ ഏ. റ്റി. ജോസഫ്(സ്റ്റാൾ അലോട്ട്മെന്റ്), പാസ്റ്റർ ക്രിസ്റ്റഫർ റ്റി. രാജു (റിസപ്ഷൻ), പാസ്റ്റർ വൈ. ജോസ് (മ്യൂസിക്), പാസ്റ്റർ സജി ജോർജ്ജ് (കർത്തൃമേശ), പാസ്റ്റർ റ്റി.എം. മാമ്മച്ചൻ (അക്കോമഡേഷൻ), പാസ്റ്റർ തോമസ് എം. പുളിവേലിൽ (വോളന്റിയേഴ്സ്), പാസ്റ്റർ ജോൺസൺ ദാനിയേൽ (പന്തൽ), പാസ്റ്റർ ബാബു ചെറിയാൻ (ഫുഡ്), പാസ്റ്റർ ജോസ് ബേബി (ലൈറ്റ് & സൗണ്ട്), പാസ്റ്റർ എബി റ്റി. ജോയി (കൗൺസിലിംഗ്), പാസ്റ്റർ ഷിജു മത്തായി (സ്റ്റേജ് അറേഞ്ച്മെന്റ്), പാസ്റ്റർ കെ.എ. ഉമ്മൻ (സ്നാനം), പാസ്റ്റർ കെ. വി. ഗീവർഗീസ് (ഗ്രൗണ്ട് അറേഞ്ച്മെന്റ്സ്), പാസ്റ്റർ ഷൈജു തോമസ് ഞാറയ്ക്കൽ (മീഡിയ), ബ്രദർ റ്റി. യോഹന്നാൻ (ലിറ്ററേച്ചർ), പാസ്റ്റർ പി.എ. ജെറാൾഡ് (സീറ്റിംഗ്), പാസ്റ്റർ റ്റി. എ. ജോർജ്ജ് (ഇൻഫർമേഷൻ), പാസ്റ്റർ ഏബ്രഹാം മാത്യു കോട്ടയം (നിർദ്ദേശങ്ങൾ & പരാതികൾ), പാസ്റ്റർ പി. പി. കുര്യൻ (പബ്ലിക് റിലേഷൻ), പാസ്റ്റർ ജോൺ ജോസഫ് (സെക്യൂരിറ്റി), ബ്രദർ ജോസഫ് മറ്റത്തുകാലാ (വിജിലൻസ്), ബ്രദർ വി. എ. സാബു (വാട്ടർ സപ്ലൈ), പാസ്റ്റർ കെ. കെ. കോരുത് (ട്രാൻസ്പോർട്ടേഷൻ), ബ്രദർ ഏബ്രഹാം എം. തോമസ് (പാർക്കിംഗ്), ഡോ. ഐസക് സൈമൺ (മെഡിക്കൽ), പാസ്റ്റർ ജോയി എ. ചാക്കോ (സ്റ്റുഡൻസ് ഇൻ ചാർജ്ജ്), ബ്രദർ ബിനോയി പി. അലക്സ് (ഓഫീസ്), സിസ്റ്റർ സുനു തോമസ് (വോളന്റിയേഴ്സ്) (സഹോദരിമാർ). എല്ലാ കൺവൻഷൻ കൺവീനറുമാരും കമ്മറ്റി അംഗങ്ങളും ജനറൽ കൺവൻഷന്റെ പ്രഥമ ദിവസം മുതൽ സമാപന ദിവസം വരെ നിർബന്ധമായും കൺവൻഷനിൽ പങ്കെടുക്കണമെന്ന് സ്റ്റേറ്റ് ഓവർസിയർ ഓർമ്മിപ്പിച്ചു. ആർക്കെങ്കിലും അതിന് സാധിക്കുന്നില്ലായെങ്കിൽ അവർ കൺവൻഷൻ കമ്മറ്റിയിൽ ചേരുവാൻ പേര് തരുതെന്നും അദ്ദേഹം പ്രസ്താവിച്ചു. 2018 ജനുവരി 15 മുതൽ കൺവൻഷൻ സ്റ്റേഡിയത്തിൽ ഉപവാസ പ്രാർത്ഥന നടക്കും. കൺവൻഷനിൽ സ്വദേശത്തും വിദേശത്തുമുള്ള അനേകം ദൈവദാസന്മാർ ദൈവവചനം ശുശ്രൂഷിക്കും. കൺവൻഷൻ ക്വയർ ഗാനങ്ങൾ ആലപിക്കും.

E-mail: beljourn@gmail.com/ Website: www.beljourn.com

01 ↰ നിയമിതരായി....

സ് കുട്ടി ഏബ്രഹാമും തിരഞ്ഞെടുക്കപ്പെട്ടു. ചെന്നൈയിൽ നടന്ന അഖിലേന്ത്യ ഗവേണിംഗ് ബോഡിയുടെ ജനറൽ ബോഡിയിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

പാസ്റ്റർ തോമസ്കുട്ടി ഏബ്രഹാം കൗൺസിൽ മെമ്പറും, മൈലപ്ര സഭാ ശുശ്രൂഷകനും പത്തനംതിട്ട ഡിസ്ട്രിക്ട് പാസ്റ്ററുമാണ്. അനുഗ്രഹീത വേദാദ്ധ്യാപകനും മികച്ച പ്രഭാഷകനുമാണ്.

പാസ്റ്റർ പി. സി. ചെറിയാൻ റാന്നി ഈസ്റ്റ് ഡിസ്ട്രിക്ട് പാസ്റ്ററും, കൗൺസിൽ മെമ്പറും, റാന്നി ചെല്ലക്കാട് സഭാ ശുശ്രൂഷകനുമാണ്.

ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് ലേഡിസ് മിനിസ്ട്രിയുടെ കേരളാ സ്റ്റേറ്റ് സെക്രട്ടറിയായി സിസ്റ്റർ ഗ്രേസി ബേബിയെ നീയമിച്ചു. എറണാകുളം ഫെയ്ത്ത് സിറ്റി ചർച്ച് ഓഫ് ഗോഡ് ചർച്ചിന്റെ സീനിയർ പാസ്റ്റർ പി. ആർ ബേബിയുടെ ഭാര്യയായ ശ്രീമതി നല്ല പ്രഭാഷകയും സംഘാടകയുമാണ്.

01 ↰ ഐ.പി സി....

ബു തോമസ് ഐ പി സി ഹെബ്രോൻ ന്യൂയോർക്ക് സീനിയർ പാസ്റ്ററാണ് അറിയപ്പെടുന്ന പ്രസംഗകനും എഴുത്തുകാരനുമാണ്. റീജിയൺ പി.വൈ.പി എ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്.

ന്യൂയോർക്ക് ഐ.പി.എ സഭാംഗമാണ് ട്രഷററായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ ബേവൻ തോമസ്.

ന്യൂയോർക്ക് സിറ്റി ഹെൽത്ത് & ഹോസ്പിറ്റൽ കോർപറേഷനിൽ നിന്ന് ഡയറക്ടറായി വിരമിച്ചു ഇദ്ദേഹം കൗൺസിലിലെ പുതുമുഖം ആണ്.

## ചർച്ച് ഓഫ് ഗോഡ് ചാരിറ്റി & വെൽഫെയർ ബോർഡ്

# മൂന്നാം ഘട്ട സഹായങ്ങൾ നൽകി



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ചാരിറ്റി & വെൽഫെയർ ബോർഡ് ഡയറക്ടർ പാസ്റ്റർ ഷിജു മത്തായിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേരള സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ സി.സി തോമസ് രണ്ട് പെൺകുട്ടികൾക്കുള്ള വിവാഹ സഹായങ്ങൾ വിതരണം ചെയ്തു. കൗൺസിൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാസ്റ്റർ വൈ.റെജി എന്നിവർ മൂന്ന് പേർക്കുള്ള ചികിത്സാസഹായവും, ഗവേണിങ് ബോഡി മെമ്പർ പാസ്റ്റർ പി.സി. ചെറിയാൻ ഒരാൾക്ക് നഴ്സിംഗ് പഠനത്തിനുള്ള സഹായവും, വൈ.പി ഇ. സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ എ.റ്റി.ജോസഫ് ഒരാൾക്ക് ഭവനം പണിയുന്നതിനുള്ള സഹായവും വിതരണം ചെയ്തു. ജോയിന്റ് സെക്രട്ടറി പാസ്റ്റർ ജോർജ്ജുകുട്ടി തങ്കച്ചൻ നന്ദി രേഖപ്പെടുത്തി. പാസ്റ്റർ വി.പി തോമസ് പ്രാർത്ഥിച്ച് മീറ്റിങ്ങ് അവസാനിപ്പിച്ചു. ബിലിവേഴ്സ് ബോർഡ് സ്റ്റേറ്റ് സെക്രട്ടറി ബ്രദർ ജോസഫ് മറ്റത്ത്കാല, സ്റ്റേറ്റ് ട്രഷറാർ പാസ്റ്റർ വൈ.ജോസ്, കൗൺസിൽ ഡയറക്ടർ വി.ടി.ജോർജ്, സ്റ്റേറ്റ് മിഷൻ ബോർഡ് സെക്രട്ടറി അജി കുളങ്ങര, ഹോം മിഷൻ ഡയറക്ടർ പി.എ. ജറാൾഡ് , പാസ്റ്റർ ടി.എ.ജോർജ്, ചാരിറ്റി ബോർഡ് ജോയിന്റ് ഡയറക്ടർ പാസ്റ്റർ ജോൺസൺ മരുതിക്കാട്ടിൽ, സെക്രട്ടറി ബ്രദർ സജി കുമ്മാട്ടിയിൽ, സ്റ്റേറ്റ് കോഡിനേറ്റർ പാസ്റ്റർ ജോൺസൺ തോമസ്, ട്രഷറാർ പാസ്റ്റർ വിജു ഡാനിയേൽ, ചാരിറ്റി ബോർഡ് മീഡിയ കൺവീനർ പാസ്റ്റർ അനീഷ് ഉമ്മൻ ഏബ്രഹാം, ബോർഡ് മെമ്പേഴ്സ് ആയ പാസ്റ്റർ ബിജുമോൻ സാമുവൽ, റെജി.സി.എബ്രഹാം, പാസ്റ്റർ ബെന്നി സാമുവേൽ, ജോർജ്ജുകുട്ടി വട്ടാർക്കയം, പാസ്റ്റർ ബേബി എബ്രഹാം, പാസ്റ്റർ കെ.ജി.ജോൺ, പാസ്റ്റർ ജോൺ ജോസഫ് , പാസ്റ്റർ ക്രിസ്റ്റഫർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## 01 ക്രിസ്തുമസ് പരിപാടിയിൽ....

ത്തകളും അജണ്ടകളും പ്രചരിപ്പിക്കുന്ന 'സ്വരാജ്യ' മാസികയുടെ ലേഖിക ഷെഫാലി വൈദ്യയുടെ Tweet-നാണ് ഇവർ മറുപടി പറഞ്ഞത്. "പത്രപ്രവർത്തനവും പത്രപ്രവർത്തകരും മതവൈരുധ്യത്തിന്റെ തീ കത്തിക്കരുത്" അമൃത ഫഡ്നവിസ് പറഞ്ഞു. കഴിഞ്ഞ ഒക്ടോബറിൽ അമേരിക്കയിൽ നാഷണൽ പ്രയർ ബ്രേക്ക് ഫാസ്റ്റിൽ പങ്കെടുത്തതിനും അന്ന് അമൃതക്കെതിരെ വിമർശനം ഉയർന്നിരുന്നു. ഭാരതീയ ജനതാപാർട്ടി ഭരിക്കുന്ന മഹാരാഷ്ട്രയിലെ മുഖ്യമന്ത്രിയും ക്രൈസ്തവ പരിപാടികളിൽ പങ്കെടുക്കാറുണ്ട്. എന്നാൽ ഇതൊന്നും ഏകമതം എന്ന പ്രത്യയശാസ്ത്രം പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ഫാസിസ്റ്റുകൾക്ക് അംഗീകരിക്കാനാവില്ല. മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നവിസ് RSS-ന്റെ നോമിനിയും സംഘപരിവാർ നേതാക്കളുമായി ഏറ്റവും അടുപ്പം ഉള്ള നേതാവുമാണ്.

മുംബൈ ബി.ജെ.പി അദ്ധ്യക്ഷനും എം.എൽ.എയുമായ ആശിഷ് ശേലാർ ക്രിസ്മസ് പരിപാടിക്ക് പിന്തുണ അറിയിച്ചതിന് സോഷ്യൽ മീഡിയയിൽ ട്രോൾ ചെയ്യപ്പെട്ടു. ശേലാർ ടിറ്ററിലൂടെ തന്റെ 90000 ഫോളോവേഴ്സിന് പ്രഭു യേശു ജൻമോത്സവ് എന്ന ക്രിസ്മസ് പരിപാടിയുടെ ക്ഷണം അയച്ചതിനാണ് ട്രോൾ ചെയ്യപ്പെട്ടത്.

ആശിഷ് ശേലാർ അടിസ്ഥാന മൂല്യങ്ങളെ അവഗണിച്ചു എന്നും മതപരിവർത്തനത്തെ പിന്തുണക്കുന്നു എന്നും ഇദ്ദേഹത്തിന്റെ തന്നെ അനുയായികൾ ആരോപിച്ചു. ഈ പരിപാടി ഹിന്ദു വിരുദ്ധമാണെന്നും വലിയ മതപരിവർത്തന പരിപാടിയാണെന്നും ടിറ്ററിലൂടെ പലരും ആരോപിച്ചു.

1960-കൾ മുതൽ മുംബൈയിൽ നടക്കുന്ന ക്രിസ്തുമസ് പരിപാടിയാണ് പ്രഭു യേശു ജൻമോത്സവ്. ഇപ്പോൾ ഇതിന്റെ പ്രധാന സംഘാടകൻ മഹാരാഷ്ട്ര മുൻ ന്യൂനപക്ഷ കമ്മീഷൻ അംഗം ഡോ. ഏബ്രഹാം മത്തായി ആണ്.

ഒരു BJP മുഖ്യമന്ത്രിയുടെ ഭാര്യക്കും മറ്റൊരു BJP നേതാവിനും നേരെ ഇത്രയേറെ വിമർശനങ്ങളും ആക്രമണങ്ങളും അഴിച്ചു വിടാമെങ്കിൽ ക്രൈസ്തവ മൂല്യങ്ങളെ പ്രചരിപ്പിക്കുന്ന ഒരു സാധാരണ പൗരന്റെ അവസ്ഥ എന്താകും ഇന്ത്യയിൽ?

# സെന്റർ കൺവൻഷൻ

**ചെങ്ങന്നൂർ:** ഇന്ത്യാ പെന്തക്കോസ്തു ദൈവസഭ ചെങ്ങന്നൂർ സെന്റർ 28-മത് കൺവൻഷൻ ജനു: 3 - 7 വരെ ചെങ്ങന്നൂർ പുത്തൻവീട്ടിൽ പടി പഴവന ഗ്രൗണ്ടൽ വച്ച് നടക്കും പാസ്റ്റർ ജേക്കബ് കെ ജോൺ ഉദ്ഘാടനം ചെയ്യുന്ന യോഗങ്ങളിൽ പാസ്റ്റർമാരായ വിൽസൻ ജോസഫ് ,രാജു പൂവക്കാല, ബാബു ചെറിയാൻ, ജയിംസ് ജോർജ്ജ്, രാജു മേത്ര, കെ.ജെ തോമസ്, ഏലിയാമ്മ തോമസ്, സ്റ്റെർല ലൂക്ക് തുടങ്ങിയവർ ശുശ്രൂഷിക്കും. പാസ്റ്റേഴ്സ് കോൺഫ്രൻസ്, ഉപവാസ പ്രാർത്ഥന, പുത്രിക സംഘടനകളുടെ സംയുക്ത വാർഷികം, നടക്കും.7 ഞായർ 9 മണി മുതൽ കർത്തൃ മേശയോട് കൂടിയസംയുക്ത ആരാധനയും നടക്കും. ഡേവിഡ്സ് ഹാർപ്പ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

**വടശ്ശേരിക്കര:** 27-ാമത് ഐ. പി. സി. വടശ്ശേരിക്കര സെന്റർ കൺവൻഷൻ 2018 ജനുവരി 3 - 7 വരെ സെന്റർ കൺവൻഷൻ ഗ്രൗണ്ട് ചെങ്ങറമുക്കിൽ വച്ച് നടത്തപ്പെടുന്നു. ഈ യോഗങ്ങളിൽ പാസ്റ്റർ ജേക്കബ് ജോൺ ഐപിസി ജനറൽ പ്രസിഡന്റ്, പാസ്റ്റർ ഷിബു നെടുവേലി ഐപിസി കേരളാ സ്റ്റേറ്റ് സെക്രട്ടറി, പാസ്റ്റർ സി. സി. ഏബ്രഹാം സെന്റർ മിനിസ്റ്റർ, പാസ്റ്റർ ജെയിംസ് ജോർജ്ജ്, പാസ്റ്റർ പി. സി. ചെറിയാൻ, പാസ്റ്റർ അജി ആന്റണി, പാസ്റ്റർ സാംകുട്ടി ജോൺ, സിസ്റ്റർ ഷീല ദാസ് എന്നിവർ പ്രസംഗിക്കുന്നു. ഗാനുശ്രൂഷ സെറാഫീസ് തോന്ന്യാമല. ഉപവാസപ്രാർത്ഥന, സോദരിസമാജം വാർഷിക മീറ്റിംഗ്, സണ്ടേസ്കൂൾ & പി.വൈ.പി.എ. സംയുക്ത വാർഷികം എന്നിവ നടക്കും. സംയുക്ത ആരാധനയോട് കൺവൻഷൻ സമാപിക്കും.

ചാത്തന്നൂർ, തട്ടാരുകോണം ഐ.പി.സി. ഹെബ്രോൻ വർഷിപ്പ് സെന്ററിന്റെ 11-ാമതു കൺവൻഷൻ 2017 ഡിസംബർ 29,30 തീയതികളിൽ ചർച്ച് ഗ്രൗണ്ടിൽ വെച്ചു നടക്കും. പാസ്റ്റർ കെ.എ. ഏബ്രഹാം (വർക്കല) ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ സാം ജോസഫ് കുമരകം, സിസ്റ്റർ ശ്രീലേഖ മാവേലിക്കര എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. ഗാനശുശ്രൂഷ ഉണ്ടായിരിക്കും.

# പാസ്റ്റേഴ്സ് സെമിനാർ

**കുമ്പനാട്:** ഗുഡ് സമരിറ്റൻ മിനിസ്ട്രിസിന്റെ നേതൃത്വത്തിൽ ഡിസംബർ 7 ന് രാവിലെ 10 മുതൽ 4 വരെ പാ സ്റ്റേഴ്സ് & ഫാമിലി സെമിനാർ കുമ്പനാട് ഗുഡ് സമരിറ്റൻ ഹോമിൽ നടന്നു. കേരളം, തമിഴ്നാട്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഒഡീഷാ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ളവർ പങ്കെടുത്ത സെമിനാറിൽ സിസ്റ്റർ ആനി ഏബ്രഹാം സ്റ്റീഫൻ മുഖ്യപ്രഭാഷണം നടത്തി.പാസ്റ്റർ ജോൺ ജോർജ് അധ്യക്ഷത വഹിച്ചു. കർത്തൃ ദാസന്മാരായ മാത്യു സ്റ്റീഫൻ, കെ.ജെ. മാത്യു, മാമ്മൻ ജോൺ, സണ്ണി മുളമൂട്ടിൽ തുടങ്ങിയവർ പ്രസംഗിച്ചു. സാബു ചാക്കോ, എം.എം.ശാമുവേൽ, അലക്സ് ജോർജ് എന്നിവർ നേതൃത്വം നൽകി.

# ഡിസ്ട്രിക്ട് കൺവൻഷൻ



ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ ഡിസ്ട്രിക്ട് പാസ്റ്റർ വി.പി.തോമസ് ഉദ്ഘാടനം ചെയ്യുന്നു

**കോട്ടയം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കോട്ടയം ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ നവംബർ 30 മുതൽ ഡിസംബർ മൂന്നു വരെ അഞ്ചേരി കൈതേപ്പാലം ജംക്ഷനു സമീപം നടന്നു. ഡിസ്ട്രിക്ട് പാസ്റ്റർ വി.പി.തോമസ് ഉദ്ഘാടനം നിർവഹിച്ചു. പാസ്റ്റർമാരായ റെജി ശാസ്താംകോട്ട, ബി.മോനച്ചൻ, അജി ആന്റണി എന്നിവർ വചനപ്രഭാഷണം നടത്തി. പാസ്റ്റർമാരായ വൈ.മോനി, പാസ്റ്റർ ഏബ്രഹാം സ്കറിയ, പി.എ.രാജൻ, ഒ.എം.തങ്കച്ചൻ തുടങ്ങിയവർ നേതൃത്വം നൽകി. സംയുക്ത ആരാധനയിൽ തിരുവത്താഴ ശുശ്രൂഷയ്ക്കു പാസ്റ്റർ എം.ഒ.ഏലിയാസ് നേതൃത്വം നൽകി. ബേർശേബാ വോയ്സ് ഗാനശുശ്രൂഷ നയിച്ചു.

# ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ ഇലക്ഷൻ ജനുവരി 9ന്

**മുളക്കുഴ:** 2018-2020 വർഷത്തേക്കുള്ള ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് കൗൺസിൽ ഇലക്ഷൻ 2018 ജനുവരി 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ മുളക്കുഴ സഭാ ആസ്ഥാനത്തു വച്ച് നടക്കും. ഈ വർഷത്തെ കൗൺസിൽ ഇലക്ഷനിൽ മത്സരിക്കുവാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 4 മുതൽ സ്റ്റേറ്റ് ഓഫീസിൽ നിന്നും 50/- രൂപ നല്കി നാമനിർദ്ദേശപത്രിക വാങ്ങേണ്ടതാണ്. പത്രിക സമർപ്പിക്കുവാനുള്ള അവസാന തീയതി 2017 ഡിസംബർ 19 ചൊവ്വാഴ്ച വൈകിട്ട് 5 മണി വരെയും, പത്രിക പിൻവലിക്കുവാനുള്ള അവസാന തീയതി ഡിസംബർ 22 വെള്ളിയാഴ്ച വൈകിട്ട് 5 മണി വരെയുമാണ്. മത്സരിക്കുവാൻ ആഗ്രഹിക്കുന്നവർ 2500/-രൂപ ഫീസ് അടച്ചതിന്റെ രസീത് നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഡിസംബർ 23ന് നാമനിർദ്ദേശ പത്രികയുടെ സൂക്ഷ്മ പരിശോധന നടക്കും. ഡിസംബർ 26 ചൊവ്വാഴ്ച സ്ഥാനാർത്ഥി ലിസ്റ്റ് പ്രസിദ്ധീകരിക്കും. വോട്ടെടുപ്പ് നടക്കുന്ന 2018 ജനുവരി 9-ാം തീയതി ഉച്ചകഴിഞ്ഞ് വോട്ടെണ്ണൽ നടത്തും. ഔദ്യോഗിക പ്രഖ്യാപനം 2018 ജനുവരി 28 ഞായറാഴ്ച നടക്കുന്ന ജനറൽ കൺവൻഷന്റെ സംയുക്ത സഭായോഗത്തിൽ നടത്തും. സ്റ്റേറ്റ് ഓവർസീയർ ഇലക്ഷൻ കമ്മീഷണറായി ചുമതല വഹിക്കും.





A PERFECT GIFT FOR CHRISTMAS
SOUTH ASIA BIBLE COMMENTARY




THE FIRST ONE-VOLUME COMMENTARY PRODUCED IN SOUTH ASIA BY SOUTH ASIANS! IT GIVES A SECTION-BY-SECTION INTERPRETATION THAT PROVIDES A CONTEXTUAL READABLE AND IMMENSELY USEFUL GUIDE TO THE ENTIRE BIBLE. SPECIAL ARTICLES SUMMARIES BIBLICAL TEACHING ON IMPORTANT ISSUES. READERS WILL APPRECIATE ITS FRESH INSIGHTS AND DIRECT STYLE THAT ENGAGE BOTH HEART AND MIND. PASTORS,STUDENTS AND LAY LEADERS WILL FIND THIS AN INVALUABLE RESOURCE THAT HELPS THEM TO INTERPRET AND APPLY THE BIBLE IN THE LIGHT OF SOUTH ASIAN CULTURE AND REALITIES.

ORDER NOW @ WWW.ODP.CO.IN

OPEN DOOR Publications Pvt. Ltd
Sanjay Park, Rani Road, Udaipur Raj. 313001
Email Us: sales@odp.co.in | Call Us: +91-294-2342904

SABC IS AVAILABLE AT
ABRAHAM BOOK FOUNDATION, KUMBANAD AND CSS BOOK SHOP, TIRUVALLA

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 24

BELIEVERS JOURNAL

PUBLISHED ON 25/12/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

# ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഇന്ത്യ കേരളാ സ്റ്റേറ്റ്

# ചാരിറ്റി & വെൽഫെയർ ബോർഡ്



റവ. സി. സി. തോമസ്
സ്റ്റേറ്റ് ഓവർസിയർ



പാസ്റ്റർ ഷിജു മത്തായി



പാസ്റ്റർ ജോൺസൺ മരുതിക്കാട്ടിൽ



ബ്രദർ സജി കുമ്മട്ടിയിൽ



പാസ്റ്റർ വിജു ഡാനിയേൽ



പാസ്റ്റർ ജോൺസൺ തോമസ്



പാസ്റ്റർ ജോർജ്ജുകുട്ടി തങ്കച്ചൻ



പാസ്റ്റർ അനീഷ് ഉമ്മൻ എബ്രഹാം



സി. പി. വർഗീസ്



റെജി സി. എബ്രഹാം



ജോർജ്ജ് തോമസ് വട്ടാർകയം



പാസ്റ്റർ ബെന്നി സാമുവേൽ



പാസ്റ്റർ ബിജുമോൻ സാമുവേൽ



പാസ്റ്റർ ബേബി എബ്രഹാം

ദൈവത്തിന്റെ കൃപയാൽ ചർച്ച് ഓഫ് ഗോഡ് ഫുൾ ഗോസ്പൽ ഇൻ ഇന്ത്യ ചാരിറ്റി & വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ വളരെ നന്നായി നടക്കുന്നു.

ഈ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ട ആലോചനകളും നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്ന ബഹുമാനപ്പെട്ട സ്റ്റേറ്റ് ഓവർസീയർ സി.സി.തോമസ് സാർ, സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, സ്റ്റേറ്റ് സെക്രട്ടറി, സ്റ്റേറ്റ് കൗൺസിൽ, എല്ലാ ഡിസ്ട്രിക്ട് പാസ്റ്റേഴ്സ്, സഭാ ശുശ്രൂഷകന്മാർ, വിശ്വാസികൾ എല്ലാവർക്കും ഹൃദയംഗമായ നന്ദി അർപ്പിക്കുന്നു.

ചാരിറ്റി & വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങളെ വളരെ ആത്മാർത്ഥതയോടെ നിങ്ങളോരോരുത്തരും ഏറ്റെടുത്തതു തന്നെയാണ് ഈ പ്രവർത്തനങ്ങളുടെ വിജയത്തിനു കാരണം. അതുകൊണ്ടു തന്നെയാണ് പ്രതീക്ഷിച്ചതിലുപരിയായി ചുരുങ്ങിയ സമയത്തിനുള്ളിൽ കേരളത്തിലുടനീളമുള്ള ദൈവസഭകൾക്കും, ദൈവമക്കൾക്കും, ശുശ്രൂഷകൻമാർക്കും, വേണ്ട കൈത്താങ്ങൽ കൊടുക്കുവാൻ സാധിച്ചത്.

സ്റ്റേറ്റ് ഓവർസിയർ റവ. സി. സി.തോമസ് ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ പാസ്റ്റർ ഷിജു മത്തായിയുടെ നേതൃത്വത്തിലുള്ള ബോർഡിനെ തികഞ്ഞ ആത്മവിശ്വാസത്തോടെ തന്നെയാണ് ഈ ഉത്തരവാദിത്വം ഏൽപ്പിച്ചത്. പാസ്റ്റർ ഷിജു മത്തായിയും ടീമും ഭരമേൽപ്പിച്ച ചുമതല വളരെ ഭംഗിയായും, ചന്തമായും അർഹരായ എല്ലാവർക്കും സഹായം കിട്ടാൻ ആവോളം പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. ചാരിറ്റി & വെൽഫെയർ ബോർഡിലെ മറ്റ് ഭാരവാഹികളും, അംഗങ്ങളും പാസ്റ്റർ ഷിജു മത്തായിയോടൊപ്പം തോളോട് തോൾ ചേർന്ന് ആത്മാർഥമായി പ്രവർത്തിക്കുന്നു. ചാരിറ്റി ബോർഡ് ജോയിന്റ് ഡയറക്ടറായി പാസ്റ്റർ ജോൺസൺ മരുതിക്കാട്ടിൽ, ചാരിറ്റി ബോർഡ് സെക്രട്ടറിയായി ബ്രദർ സജി കുമ്മട്ടിയിൽ, ട്രഷററായി പാസ്റ്റർ വിജു ഡാനിയേൽ, സ്റ്റേറ്റ് കോർഡിനേറ്ററായി പാസ്റ്റർ ജോൺസൺ തോമസ്, ജോയിന്റ് സെക്രട്ടറിയായി പാസ്റ്റർ ജോർജ്ജുകുട്ടി തങ്കച്ചൻ, ചാരിറ്റി ബോർഡ് മീഡിയ കൺവീനറായി പാസ്റ്റർ അനീഷ് ഉമ്മൻ എബ്രഹാം, ബോർഡ് മെമ്പേഴ്സ് ആയി സി.പി.വർഗീസ്, റെജി.സി.എബ്രഹാം, ജോർജ്ജ് തോമസ് വട്ടാർക്കയം, പാസ്റ്റർമാരായ ബെന്നി സാമുവൽ, ബിജുമോൻ സാമുവൽ, ബേബി എബ്രഹാം എന്നിവർ പ്രവർത്തിക്കുന്നു.

ചാരിറ്റി & വെൽഫെയർ ബോർഡിന്റെ ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത് നിർധനരായ എഴുപത്തിരണ്ടോളം കുട്ടികൾക്ക് ആവശ്യമായ സ്കൂൾ കിറ്റ് വിതരണത്തോടുകൂടിയാണ്. സ്കൂളിൽ പോകുവാൻ നല്ല വസ്ത്രമോ, നോട്ട് ബുക്കുകളോ, ബാഗുകളോ ഇല്ലാതെ വിഷമിക്കുന്ന അനേകം കുട്ടികൾ നമ്മുടെ സമൂഹത്തിൽ ഉണ്ട് എന്ന വസ്തുത വിസ്മരിക്കരുത്. അതുകൊണ്ടുതന്നെ ചാരിറ്റി & വെൽഫെയർ ബോർഡിന്റെ സ്കൂൾ കിറ്റ് വിതരണം അനേകം കുഞ്ഞുങ്ങൾക്ക് അനുഗ്രഹമായി തീർന്നു എന്നു അറിയുവാൻ കഴിഞ്ഞതിൽ ഞങ്ങൾ കൃതാർത്ഥരാണ്. അതുപോലെ തന്നെ ഒരാൾക്ക് നേഴ്സിങ് പഠനത്തിനുള്ള സഹായവും ചെയ്യുവാൻ സാധിച്ചു.

കേരളത്തിൽ ഭവനരഹിതരായ ധാരാളം പേർ ഉണ്ടെന്നുള്ള കാര്യവും നാം മറന്നുപോകരുത്. ദൈവസഭയിൽ പലർക്കും ഭവനം ഉണ്ടെങ്കിലും ഭവനങ്ങൾ ചോർന്നൊലിക്കുന്ന അവസ്ഥയിലും എപ്പോൾ വേണമെങ്കിലും നിലംപതിക്കാവുന്ന തരത്തിലുള്ള സാഹചര്യത്തിൽ ഭീതിയോടെ കഴിയുന്ന അനേകർക്ക് ചാരിറ്റി & വെൽഫെയർ ബോർഡിന്റെ ഭവനസഹായം ആശ്വാസമായി. ഇതുവരെ ലഭിച്ച അപേക്ഷകളിൽ നിന്ന് തികച്ചും അർഹരായവർക്ക് ഭവനസഹായം നൽകുവാൻ ദൈവം സഹായിച്ചു.

അതോടൊപ്പം അർഹരായ നാലു പെൺകുട്ടികളുടെ വിവാഹത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുവാനും ചാരിറ്റി & വെൽഫെയർ ബോർഡിനു സാധിച്ചു.

രോഗികൾക്കുള്ള ചികിത്സാസഹായത്തിന്റെ ഭാഗമായി ക്യാൻസർ രോഗികൾ അടക്കം ഇരുപതോളം പേർക്ക് സഹായമെത്തിക്കുവാൻ ചാരിറ്റി & വെൽഫെയർ ബോർഡിനു സാധിച്ചു.

ജനുവരിയിൽ നടക്കുന്ന ജനറൽ കൺവെൻഷനോട് അനുബന്ധിച്ച് അർഹതരായവർക്ക് വിവിധമായ സഹായങ്ങൾ നൽകുവാൻ ചാരിറ്റി & വെൽഫെയർ ബോർഡ് ക്രമീകരണം ചെയ്തുവരുന്നു. സഹായത്തിന് അർഹരായ അനേകം ആളുകളുടെ അപേക്ഷകൾ പരിഗണിക്കേണ്ടതുണ്ടെങ്കിലും ഫണ്ടിന്റെ ദൗർലഭ്യം മൂലം സഹായങ്ങൾ നൽകുന്നത് പരിമിതപ്പെടേണ്ടി വരുന്നു. ഇതുവരെ ചാരിറ്റി & വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥതയോടെ കൈതാങ്ങൽ നൽകിയ എല്ലാ ദൈവദാസന്മാരും, ദൈവമക്കളും നിങ്ങളുടെ ബന്ധുമിത്രാദികളെ, സുഹൃത്തുക്കളെ, ഈ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കുകയും ഈ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകുവാൻ അവരെ ഉത്സാഹിപ്പിക്കുകയും ഈ ഉദ്യമത്തിൽ എല്ലാവരും ഒരേ മനസ്സോടുകൂടി പങ്കാളികളാവുകയും ചെയ്യണമെന്ന് താഴ്മയായി അപേക്ഷിക്കുന്നു. കൺവെൻഷൻ ഗ്രൗണ്ടിൽ ചാരിറ്റി & വെൽഫെയർ ബോർഡിന്റെ സ്റ്റാൾ പ്രവർത്തിക്കുന്നതാണ്, കൺവെൻഷനു വരുന്നവർ ദയവായി സ്റ്റാൾ സന്ദർശിക്കുവാൻ ഉത്സാഹിക്കണമേ.

കർത്താവ് വരുവാൻ താമസിച്ചാൽ 2018 ൽ ചാരിറ്റി & വെൽഫെയർ ബോർഡിന്റെ പ്രവർത്തനങ്ങൾ വിപുലമായ രീതിയിൽ അർഹരായവരിൽ എത്തിക്കുവാൻ ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. ഒരിക്കൽ കൂടെ എല്ലാവരോടുമുള്ള നന്ദി അറിയിക്കുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.





സ്റ്റേറ്റ് ഓവർസിയർ റവ. സി. സി. തോമസ് സഹായവിതരണം നിർവ്വഹിക്കുന്നു



ചർച്ച് ഓഫ് ഗോഡ് ചാരിറ്റി & വെൽഫെയർ ബോർഡിന്റെ കീഴിൽ ആറൻമുളയിലുള്ള മൗണ്ട് സിയോൺ ചിൽഡ്രൻസ് ഹോം പ്രവർത്തനങ്ങൾ നല്ല നിലയിൽ പുരോഗമിക്കുന്നു.

മൗണ്ട് സിയോൺ ചിൽഡ്രൻസ് ഹോമിന് പുതിയ മാനേജിംഗ് കമ്മിറ്റി നിലവിൽ വന്നു. പ്രസിഡന്റ് സ്റ്റേറ്റ് ഓവർസീയർ സി.സി.തോമസ്, സെക്രട്ടറി പാസ്റ്റർ ജെ.ജോസഫ് , ട്രഷറാർ പാസ്റ്റർ വൈ.റെജി, അഡ്മിനിസ്ട്രേറ്റർ പാസ്റ്റർ ഷിജു മത്തായി, മാനേജർ പാസ്റ്റർ ഷിജോ വർഗീസ്, കമ്മറ്റി മെമ്പേഴ്സ് ബ്രദർ ജോസഫ് മറ്റത്ത്കാല, ബ്രദർ ബിനോയി, സിസ്റ്റർ സുനു തോമസ് എന്നിവരാണ് അംഗങ്ങൾ.

നാളിതുവരെ നിങ്ങളോരോരുത്തരും ചെയ്ത എല്ലാവിധ സഹായവും പിന്തുണയും സഹകരണവും നന്ദിയോടെ ഓർക്കുന്നു. മേലിലും എല്ലാ പ്രിയപ്പെട്ടവരുടെയും സഹായസഹകരണങ്ങൾ ചോദിക്കുന്നു.

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.